VOTING ON DEMANDS FOR GRANTS.

DEMAND IV—GENERAL ADMINISTRATION—EXCLUDING FINANCIAL SECRETARIAT, ACCOUNTANT GENERAL'S OFFICE, LEGISLATIVE BODIES AND LOCAL FUND AUDIT DEPARTMENT.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN (*Administrative Secretary to the Dewan*): Sir, I rise to move for a grant of Rs. 6,08,699 under Demand IV—General Administration—excluding Financial Secretariat, Accountant General's Office, Legislative Bodies and Local Fund Audit Department.

DEMAND V—GENERAL ADMINISTRATION—FINANCIAL SECRETARIAT, ACCOUNTANT GENERAL'S OFFICE LOCAL FUND AUDIT DEPARTMENT AND DIVISIONAL ACCOUNTANTS APPRENTICES.

MR. S. NARAYANA AIYAR (*Financial Secretary to Government*): Sir, I beg to move for an expenditure of Rs. 3,68,831 under Demand V—General Administration—Financial Secretariat, Accountant General's Office, Local Fund Audit Department and Divisional Accountants Apprentices.

DEMAND VI—GENERAL ADMINISTRATION—LEGISLATIVE BODIES.

MR. V. RAMANUJA AIYANGAR: Sir, I rise to move for a grant of Rs. 1,53,150 under Demand VI—General Administration—Legislative Bodies.

MR. K. G. KUNJUKRISHNA PILLAI: Sir, Motion No. 3 is out of order because the member wants to discuss the measures of food and textile control. The Secretaries and Assistant Secretaries are not the only people who are to control or who lay down the policy of control. So, the cut motion should come under total demand.

PRESIDENT: Notwithstanding what I have definitely told on previous occasions, there are some mistakes in regard to the framing of these cut motions. In matters like the policy with regard to food and textile control and the appointment of officers in the Secretariat, it must be borne in mind that it is not open to a Secretary or Assistant Secretary either to appoint or not to appoint a person or to define or not to define a particular policy. These questions may be raised under total grant. Where the elimination of the total grant involves a criticism of the general policy of Government and Government suffer a defeat under a total grant in the General Administration Grant, the usual rule is that where there is Responsible Government the Ministry resigns. It means a vote of censure on Government. The question of policy can be discussed on a token cut of one or ten rupees only under a total grant.

MR. K. G. KUNJUKRISHNA PILLAI: Motion Nos. 48, 49 are out of order and they come under the same heading.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: I have received some cut motions now from Messrs. Muthukaruppa Pillai, K. G. Kesavan Nair and others. Mr. Muthukaruppa Pillai raises the food problem. That is under tota lgrant. The Advocate General will look into the list.

MR. K. G. KUNJUKRISHNA PILLAI: Motion No. 6 is out of order. It relates to the establishment in the General and Administrative Secretariat. It must come under total grant.

PRESIDENT: Any how I will give those honourable members an opportunity to speak on them.

MR. CHAZHIKATTU JOSEPH : ഇന്നലെ വൈകുന്നേരം കൊടുത്തിട്ടുള്ള കട്ട് മോഷൻസ് ഉൾപ്പെടുത്തിയിട്ടുണ്ടോ ?

PRESIDENT: They will be circulated among the honourable members during the course of the discussion.

MR. J. T. MORAES: The Chair said that it will be sufficient if the cut motions are sent by 25th July.

PRESIDENT: I do not blame anybody. The list will be circulated among the members. They could not be printed as they were received rather late. When the discussion is going on, I will call the names of honourable members who have sent up their cut motions.

MR. K. R. NARAYANAN : സർ, ര മോഷനാണ് ഞാൻ അയച്ചിട്ടുള്ളത് ന, ഫ ഠ, ന്ന, ന്ത. ഇതിൽ ഒന്ന് മൂവ് ചെയ്താൽ മറ്റുള്ളത് മൂവ് ചെയ്യാൻ അവകാശമുണ്ടോ എന്നു പറയാമോ ?

PRESIDENT: As I find that there are a very large number of persons who have given notice of cut motions and as I find from letters received by me yesterday, that there is a certain amount of dissatisfaction that not more than 26 honourable members took part in the general discussion, I wish to enforce the time limit rather strictly. The mover will have 10 minutes and all the others 5 minutes each.

MR. K. R. NARAYANAN: Sir I move "To reduce the allotment of Rs. 5,03, 973 for General and Revenue Secretariat by Re. 1".

തിരുവിതാംകൂറിലെ ഗ്രാമങ്ങളുടെ കാര്യം പ്രധാനമായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. ഒരുകോടി രൂപ ബഡ്ജറിൽ ഗ്രാമങ്ങളുടെ കാര്യത്തിലേക്കായി മാറ്റിവച്ചിരിക്കുന്നതു് അറിയാതെയോ, ഗവണ്മെൻറു് ഗ്രാമപുനരുദ്ധാരണവിഷയത്തിൽ ഒരു പ്രത്യേക താൽപ്പര്യം കാണിക്കുന്നുവെന്നുള്ള സംഗതി മറന്നുകൊണ്ടോ അല്ല, ഞാൻ ഇവിടെ ഈ സംഗതിയെക്കുറിച്ചു പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നതു്. ഗ്രാമങ്ങളുടെ നില ഇന്നു മൊത്തത്തിൽ വളരെ ശോചനീയമാണെന്നു പറയാതെ യാതൊരു ഗത്യന്തരവുമില്ല. റോഡുകളുടെ സ്ഥിതിയാണെങ്കിൽ, അവ വളരെ മോശ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

മാണെന്നുള്ള സംഗതി ആ ഡിപ്പാർട്ടുമെൻറിന്റെ മേധാവിതന്നെ പ്രസ്താവിച്ചിരിക്കുന്നസ്ഥിതിക്ക്, ആ നിലയിൽ അതിന് ഒരു ആവത്തിച്ചു നയം കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ആശുപത്രികളുടെ കാര്യമാണെങ്കിൽ അതും ഇതുപോലെ തന്നെയാണ്. പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിന്റെ മേധാവി അധികം സ്ഥലങ്ങളിൽ പോയിട്ടുള്ളതായി അറിയുന്നില്ല. ഇറിഗേഷനാണെങ്കിൽ പരിതാപകരമായ രീതിയിലാണ് നടക്കുന്നത്. ആശുപത്രികളുടെ സഹായം തീരെ ലഭിക്കാതെയാണ് മിക്ക ഗ്രാമങ്ങളിലെ ജനങ്ങളും കഷ്ടപ്പെടുന്നത്. മൊത്തത്തിൽ ഗ്രാമജനങ്ങളിൽ 10 ശതമാനവും ശരിയായ വൈദ്യസഹായമില്ലാതെ, ശരിയായ ഗതാഗതസൌകര്യമില്ലാതെ, ശരിയായ മറ്റു സൌകര്യങ്ങളും ലഭിക്കാതെ കഴിയുകയാണ്. സർ, ഈ സന്ദർഭത്തിൽ ഒരു കാര്യത്തിൽ എനിക്ക് വളരെ കഷ്ടം തോന്നുന്നുണ്ട്. അങ്ങ് ഈ ബഡ്ജറിനെ ഉപമിച്ചത് റഷ്യയോടാണ്. ഒരു സംഗതി അതിൽ നിന്നും ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. റഷ്യയിൽ ഒരു സ്ത്രീ ആശുപത്രിയിൽ പ്രസവിച്ചു കിടക്കുകയാണെങ്കിൽ അവർക്ക്, അവിടത്തെ മെറേറണിറ്റി വാർഡിൽ ഇരുന്നുകൊണ്ട് അവരുടെ വീട്ടിലെ ബന്ധുക്കളോട് സംസാരിക്കുവാൻ തക്ക രീതിയിലുള്ള സകല ഏർപ്പാടുകളും സൌകര്യങ്ങളും ചെയ്തിട്ടുണ്ട്. ഇവിടെയോ? മെറേറണിറ്റി വാർഡിൽ കിടന്നുകൊണ്ട് വീട്ടിലേക്ക്, ടെലിഫോണിൽ സംസാരിക്കണമെന്നു പറയുന്നില്ല, എന്നാൽ, പ്രസവശുശ്രൂഷ ശരിയായി നടത്തുന്നതിന്, ലേഡീഡാക്ടർമാരുടെ സഹായമോ മിഡ്വൈഫ്കളുടെ സഹായം പോലുമോ ലഭ്യമാകാതെ കിടന്നു കഷ്ടപ്പെടുന്ന ഗ്രാമവാസികൾക്ക് പ്രസവം ശാസ്ത്രീയമായ രീതിയിൽ നടത്തുന്നതിനു തക്ക സൌകര്യങ്ങളുണ്ടാക്കിക്കൊടുക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇന്ന് അങ്ങനെയുള്ള പ്രസവം ഗ്രാമങ്ങളിൽ നടക്കുന്നത് പെരും നാലര ശതമാനം മാത്രമാണ്.

MR. P. K. KUNJU : ലേഡീ ഡാക്ടറന്മാരില്ലാതെ പ്രസവം നടക്കുകയില്ലേ?

MR. K. R. NARAYANAN : ലേഡീഡാക്ടറന്മാരില്ലാതെ പ്രസവം നടക്കും, മിഡ്വൈഫ്കളും ഇല്ലാതെയും പ്രസവം നടക്കും. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ അവരുടെ സഹായമില്ലാതെയുള്ള പ്രസവം അഭിലഷണീയമായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. ശാസ്ത്രീയമായ രീതിയിൽ പ്രസവം നടത്തുന്നതു മാത്രമേ ആരോഗ്യകരമായിരിക്കുകയുള്ളൂവെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമങ്ങളെ മുന്നോട്ട കൊണ്ടുവരുന്നതിന്, ഒരുകോടി രൂപാ മാറിവച്ചിരിക്കുന്നതായി കാണുന്നു. എത്ര കൊല്ലം കൊണ്ടാണ് ഈ ഗ്രാമങ്ങളെ ഉദ്ധരിക്കാൻ പോകുന്നത്? പത്തു കൊല്ലം കൊണ്ടാണെന്ന് മനസ്സിലായി. എന്തുകൊണ്ട് ഈ കൊല്ലംകൊണ്ട് സാധിച്ചുകൂടാ എന്നാണ് ചോദിക്കുന്നത്. ഓരോ പകുതിക്കും ഓരോ വില്ലേജുപഞ്ചായത്തു വീതം, സ്ഥാപിച്ച് ആ പഞ്ചായത്തുകൾ മുഖേന ഗ്രാമവാസികളുടെ ആവശ്യം യഥാവിധി സാധിക്കുകയാണെങ്കിൽ, അത് വലിയ പുരോഗതിയായിരിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

MR. KADAKKAVOOR P. MADHAVAN : ഒരുകോടി രൂപയല്ല, അതിന്റെ പലിശയാണ് ഗ്രാമങ്ങളുടെ ആവശ്യത്തിനായി മാറിവച്ചിരിക്കുന്നതെന്നുള്ള വിവരം അറിയാമോ?

MR. K. R. NARAYANAN : അറിയാം.

ഈ സന്ദർഭത്തിൽ റഷ്യയെ ഉദ്ധരിക്കുന്നില്ല. കൊച്ചി എന്റെ അടുത്തുള്ള ഒരു രാജ്യമാണ്. അവിടത്തെ വില്ലേജുകൾ തന്നെ അവിടെ ആവശ്യമുള്ള സംരക്ഷണവേലകൾ, ഇറിഗേഷൻ, മറ്റുപല സംഗതികൾ ഇവ നടത്തിവരികയാണ്. തിരുവിതാംകൂറിലെ വില്ലേജ് പഞ്ചായത്തുകൾക്ക് ഇതൊന്നും ചെയ്യാൻ സാദ്ധ്യമല്ല. ഒരു സൃഷ്ടിപരമായ കാര്യപരിപാടി ഗവണ്മെൻറിന്റെ മുമ്പാകെ വേണം. ഇന്നാണെങ്കിൽ ഗ്രാമങ്ങളിൽ, ഡിപ്പാർട്ടുമെൻറുകളുടെതന്നെ സഹകരണമില്ലാതെയാണ് കാര്യങ്ങൾ നടക്കുന്നത്. ശരിയായ ആഗ്രികൾച്ചറൽ പ്ലാനില്ല. മെഡിക്കൽ ഡിപ്പാർട്ടുമെൻറു മേധാവി ഒരുതരത്തിൽ, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് വേറൊരു തരത്തിൽ; ഇങ്ങനെ ഒന്നിനൊന്ന് അന്യോന്യമല്ലാതെ, വിരുദ്ധമായിട്ടാണ് ഇവിടെ കാര്യങ്ങൾ നടത്തിപ്പോരുന്നത്. അങ്ങനെ അവർ തങ്ങളിൽതന്നെ ഒരു സഹകരണമനോഭാവം കാണിക്കുന്നില്ല. തിരുവിതാംകൂറിൽ ഏകദേശം നാന്നൂറോളം പകുതികൾ ഉള്ളതിൽ, ഒരു മൂന്നുകൊല്ലംകൊണ്ട് ഇരുന്നൂറുപകുതികളിൽ വില്ലേജ് പഞ്ചായത്തുകൾ ഉണ്ടാക്കുകയും ഒരു പ്രത്യേക നിലയിൽ സൃഷ്ടിപരമായ കാര്യപരിപാടി ഉണ്ടാക്കി, വ്യക്തമായ പ്ലാനുകൾ തയാറാക്കി, പ്രവൃത്തികൾ തുടങ്ങുകയും വേണം. അതല്ലെങ്കിൽ എവിടെ തുടങ്ങുന്നുവെന്നോ എവിടെ അവസാനിക്കുന്നുവെന്നോ അറിയാൻ പാടില്ല. ഇതു രണ്ടുമുണ്ടായാൽ പ്രയോജനങ്ങൾ ഉണ്ടാകും. ചീഫ് എഞ്ചിനീയർ അവർകൾ പലപ്പോഴും ആവർത്തിച്ചു പറഞ്ഞു, ഗ്രാമങ്ങളിൽ റോഡുകൾ ഉണ്ടാക്കുന്നതിനും, നന്നാക്കുന്നതിനും ഗ്രാമങ്ങളുടെ സഹകരണം വേണമെന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ഇതു്, വില്ലേജ് പഞ്ചായത്തുകൾ മുഖാന്തിരം നടത്തുകയാണെങ്കിൽ, വളരെ സൌകര്യമായിരിക്കും. അതുപോലെതന്നെ ടാക്സ് പിരിക്കുന്നകാര്യം. ഓരോരുത്തരും പ്രവൃത്തികാരന്മാരെ ആനേപക്ഷിച്ചും മറ്റും പോകാതെ, പഞ്ചായത്തുകളിൽ ഏൽപ്പിക്കുകയാണെങ്കിൽ പ്രവൃത്തികാരന്മാർ തുടങ്ങിയ ചില ഉദ്യോഗസ്ഥന്മാക്കു് കറപ്ഷനും മറ്റും സൌകര്യവും കിട്ടുകയില്ല. ജനങ്ങൾക്കു് സൌകര്യമായിരിക്കുകയും ചെയ്യും. പിന്നെ പഞ്ചായത്തുകൾ ഗവണ്മെൻറിലേക്കു്, ഒരുമിച്ചു് നികുതി കളക്ററ് ചെയ്തുകൊടുത്തുകൊണ്ടാൽ മതി. അതുപോലെതന്നെ ടെക്സ്റ്റയിൽസ് മുതലായവയുടെ വിതരണത്തിലുള്ള കുഴപ്പങ്ങളും പഞ്ചായത്തുകൾ മുഖാന്തിരം പരിഹരിക്കാം. ഗ്രാമജനങ്ങളുടെ ആവശ്യങ്ങളനുസരിച്ചുള്ള ഒരു പരിപാടി നിശ്ചയിച്ചു് അവ പഞ്ചായത്തുകളെ ഏല്പിക്കുകയാണെങ്കിൽ ഗ്രാമങ്ങൾ മുന്നോട്ടുവരും. ഇങ്ങനെ ഓരോ ഗ്രാമവും മുന്നോട്ടുവരുമ്പോൾ യഥാർത്ഥ ജനകീയഭരണവും ഏറക്കുറെ ഉണ്ടായിത്തുടങ്ങും. ക്രമേണ ഉത്തരവാദഭരണം ജനങ്ങൾക്കു് അനുഭവയോഗ്യമായിത്തീരും. അതുകൊണ്ടു, ഞാൻ പറയുന്നതു് ഈ ഒരു കോടിരൂപ കഴിയുന്നതും വർദ്ധിപ്പിക്കുകയും ഈ കാര്യങ്ങൾക്കു് ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥനെ നിയമിക്കുകയും, ഇന്നുള്ള വില്ലേജ് പഞ്ചായത്തുകൾ കഴിയുന്നതും വേഗത്തിൽ വർദ്ധിപ്പിക്കുകയും, പത്തു കൊല്ലംകൊണ്ടുള്ള കാര്യപരിപാടി അഞ്ചു കൊല്ലമായി നിർവഹിക്കുകയും ജനകീയ സംഘടനകൾക്കു് അധികാരം കഴിയുന്നതും നൽകുകയും, ഇങ്ങനെ ഗ്രാമോദ്ധാരണം വഴിയായി രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി എനിക്കു് അനുവദിച്ചിട്ടുള്ള സമയത്തിൽ നാലു മിനിറ്റ് കൂടുതൽ എടുത്തുകൊണ്ടു് ഈ സംഗതി ഗവണ്മെൻറിന്റെ അവഗാഢമായ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

MR. KADAKKAVOOR P. MADHAVAN: Sir, I support the motion tabled by Mr. K. R. Narayanan. In the speech of the Financial Secretary, there is a candid confession that the amenities of life are not given to the villagers. It is stated that it is necessary to give good drinking water, medical aid, entertainment and contact with the outside world through radios to the villages. But if you will see what the Government are going to do in the matter, you will note that an amount of one crore of rupees is set apart for it and that amount is going to be put in gilt-edged securities and three per cent interest which is derived from that is to be utilised for village uplift scheme.

PRESIDENT: I think honourable members might know that it was definitely not provided. No question of future policy has been entered into here. Normally speaking, this one crore would be

LIBRARY ARCHIVES Kerala Legislative Assembly

available almost every year for the next five or six years. But, for various reasons connected with the present juncture, this Government did not wish to lay down a rule which may bind the successors of the present legislature. If this Government had been budgeting on the present basis and with no advertence to future constitution, the programme of the Government would have been that for the next three or four or five years, a sum not less than Rs. 50 lakhs would be set apart so that at the end there would be about Rs. 10 crores available. But that is a matter which was not embarked upon by this Government on account of the present juncture. It is for the new legislature to deal with the matter.

MR. KADAKKAVOOR P. MADHAVAN: The point which I am driving at is this. The Dewan President, in the course of his speech said that the amount derived as interest from this capital will be distributed to each village at the rate of Rs. 500 for each village. Sir, with this 500 rupees, it is not possible to do anything in any village.

PRESIDENT: How much would the honourable member suggest?

MR. KADAKKAVOOR P. MADHAVAN: At least Rs. 50,000 for each village.

PRESIDENT: That means about six villages could be dealt within a year.

MR. KADAKKAVOOR P. MADHAVAN: If the Government give only 1,000 or 500 rupees, what can be done? Not even a well can be sunk with it. We are coming from the village side; what the villagers say is this: "You people are unfit and unqualified to make our voice heard by the Government. You are not fit to carry on the mantle of leadership." They say that their needs and desires are not brought to the notice of the Government. You, Sir, will see that during the last year, in my village for example, the P. W. D. Officers have not turned to that side. I myself went to the Section Officer at Attingal—a small boy of about 21 years of age—and took him to that place where the necessity of improving the roads and some tanks was brought to his notice. In spite of the fact that I went to him three times and that I took him three times to the place and requested him to do the needful, nothing has yet been done. So my humble submission is that the needs of the villages.....

PRESIDENT: What action did the honourable member take after it?

MR. KADAKKAVOOR P. MADHAVAN: I wrote a letter to the Executive Engineer to look into this matter, but unfortunately I got no reply.

Again there was a road in my village and Rs. 7,000 was allotted for the construction of culverts and general maintenance of the road.

PRESIDENT: Order, order. Will the honourable member let me have a copy of his letter. I have now ordered that any head of the department or any district officer who does not reply promptly, the

LIBRARY ARCHIVES Kerala Legislative Assembly

[President.]

letters not only emanating from the members of the Legislature but from others, is guilty of a serious derelection of duty and disciplinary measures will be taken on that basis. Therefore I shall be glad if the date of the honourable member's letter to the Executive Engineer is given to me.

MR. CHAZHIKKATTU JOSEPH: ഇതു നടപ്പിൽ വരുത്തുകയെന്നതാവട്ടെ ഞാൻ ശതമാനവും കാറക്കാരായിരിക്കും.

PRESIDENT: So far as I am concerned, I am prepared that there need be no work done for some time, if it comes to that. I find that it is a very usual custom among district officers and officers even higher up not even to acknowledge letters sent to them. Whether the answer is in the affirmative or in the negative, it is one of the fundamental duties of Government to see that the letter is acknowledged immediately and that at the end of two or three weeks, some answer is sent. That is a matter on which I have been laying some insistence during the last two or three years. Various circulars have been sent out to the effect that at the end of every week or a fortnight, reminders should be sent by the Secretary. The number of the reminders should also be mentioned, such as, "Reminder No. 193." (Laughter). There is no reason for laughing, because I have specific cases in which 19 reminders have gone to the Head of a Department and no acknowledgement had been made even after the 19th.

MR. CHAZHIKKATTU JOSEPH: അയാൾ ഇപ്പോഴും ജോലിയിൽ ഉണ്ടോ?

PRESIDENT: Yes. He is still there. I have now issued another circular, namely that I regard, as much as any corruption or dishonesty, this terrible lack of courtesy in acknowledging letters. I may say that I shall regard it as equivalent to bribery. You may give me a copy of the letter and I shall proceed on that basis.

MR. KADAKKAVOOR P. MADHAVAN: The point that I am making is that we have got one crore of rupees. I cannot understand why.....

MR. CHAZHIKKATTU JOSEPH: ഒരു ചോദ്യം. ദിവാൻജിക്കെഴുതി അയച്ചാൽ എങ്ങിനെയാണ് മറുപടി തരുന്നതു്.

PRESIDENT: Of course the Dewan cannot punish himself, but so far as he is concerned, the position is this; letters are replied to within 20 or 25 minutes of their receipt. Throughout the last 25 years, I have never delayed replying to any letter beyond half an hour of the receipt of the letter. If at any time, any honourable member is able to point out to me that within the next three days of writing, a letter of reminder has not come, I shall castigate myself publicly. My office has got definite instructions that as soon as a letter is received, it must be acknowledged and within 2 or 3 days a reply has to be sent. If Mr. Chazhikkattu Joseph, for instance, has sent a letter and he had no acknowledgment, it might be produced.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW: Last March, I sent a letter to the Dewan about a certain matter and I got the reply only after I sent an interpellation on that matter.

MR. CHAZHIKKATTU JOSEPH: I had sent two letters. No reply has been given. I shall give the number and date.

PRESIDENT: Have they not been acknowledged ?

MR. CHAZHIKKATTU JOSEPH: No.

PRESIDENT: Please send me a copy.

MR. CHAZHIKKATTU JOSEPH: Yes Sir.

MR. KADAKKAVOOR P. MADHAVAN: My humble suggestion is that it is necessary to form Village Panchayats throughout the State in all pakuthies. You yourself were speaking about Village Panchayats. We have studied from history that Village Panchayats in ancient India were the nucleus of democracy. Even before the Englishmen learned the rudimentary principles of democracy, we were practising democracy in our Village Panchayats. So it is necessary to start Village Panchayats as far as possible in every village, so that in all villages the voters could have access to their representatives and put their grievances to the Village Panchayats. Therefore, through Village Panchayats they can bring remedies to their grievances. So my submission is that it is necessary to start village panchayats as far as possible in almost all pakuthies and in all these village panchayats peoples of all sections, castes and creeds must be represented.

MR. VARKALA K. MADHAVAN: Does the honourable member know whether there is a village union at Kadakkavoor ?

MR. KADAKKAVOOR P. MADHAVAN: I know it and that is the very reason which made me say that there must be village unions and village panchayats in all pakuthies.

RAO SAHIB A. K. BHASKAR (*Quilon* cum *Kottarakara*): ഇന്നത്തെ വില്ലേജ് പഞ്ചായത്തുകളിൽ ഇന്നത്തെ വോട്ടിംഗ് വ്യവസ്ഥ അനുസരിച്ച് എല്ലാ സമുദായക്കാർക്കും എല്ലാ താല്പര്യക്കാർക്കും പ്രതിനിധ്യം കിട്ടുന്നില്ലെന്ന മെമ്പർക്കറിയാമോ?

MR. KADAKKAVOOR P. MADHAVAN: I know it. Village Panchayats are not constituted on the basis of election. I request that adult franchise should be adopted. No qualification of property or literacy should be insisted upon.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: What is the percentage of non-officials in the Village Panchayats ?

MR. KADAKKAVOOR P. MADHAVAN: I am not sure.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: Is it two or three?

MR. KADAKKAVOOR P. MADHAVAN: I think so, but they are nominated by Government. My humble suggestion is that this nomination process must stop. Even in our constitutional reforms it is stated that the nomination is to be stopped. In all these things people should be elected and the representatives of the people must be taken.

LIBRARY ARCHIVES Kerala Legislative Assembly

RAO SAHIB A. K. BHASKAR: Is the honourable member aware that officials like the P. W. D. Officers are essential to run village panchayats?

MR. KADAKKAVOOR P. MADHAVAN: We have got non-officials nominated by the Government.

RAO SAHIB A. K. BHASKAR: Officials at present are men who belong to the P. W. D. and they are capable of tendering some advice on matters like public health etc.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: May I inform the honourable member that all the members of the village panchayats are now elected and not nominated as the member said just now?

MR. KADAKKAVOOR P. MADHAVAN: If they are elected, I have no grievance.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: In the panchayats where members are elected, may I know whether they are running smoothly or is there any complaint or faction?

MR. KADAKKAVOOR P. MADHAVAN: No complaint was brought to me; honourable member knows it better. My humble submission is that as far as possible, adult franchise should be adopted and that the members of the village panchayats must be elected and they must be given an opportunity to put their grievances before the village panchayat as Mr. K. R. Narayanan said. The Public Works Department and the Agricultural Department must get the advice and direction from these village panchayats and the work must be done through them. (President's bell.)

MR. P. S. NATARAJA PILLAI: Are we discussing motion 10 alone?

PRESIDENT: Order, order. Year before the last, another alternative method was started by giving a right of general discussion. Then it become very difficult because the discussion turned to be desultory. Supposing voting was necessary in order to find the general sentiment of the House, it was not possible to have it on a particular matter. Possibly it had to be a vote of want of confidence or no confidence on Government. Therefore, it was found that the better plan would be to discuss each of these motions separately. The only remedy is that, for expeditious work, honourable members who feel very strongly on the question of improving the bad conditions will alone speak on that matter so that we might finish each of these things by portions.

MR. P. S. NATARAJA PILLAI: Is there not another difficulty? When once the House is divided all the motions under that head will lapse?

PRESIDENT: I am entirely in the hands of the House. If the House wants to discuss a particular motion having a general outlook, I have no objection. But is that what the honourable members want? In other words, it may be that there are some honourable members who are very particular of specific matters being brought to the notice of Government and a division of the House taken on that matter.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI : I agree to the present procedure.

MR. K. G. KUNJUKRISHNA PILLAI : There is one other point which I want to bring to your notice. Under Rule 72, clause 4, "no motion shall be made for the reduction of grant as a whole under which all the motions for the reduction of a definite item has been discussed".

PRESIDENT : Order, order. This question arises only after all these motions are dealt with and when you come to the discussion of the total grant. The year before last, as a matter of convention all the other things were passed over and we went up to the total grant and on that a full discussion was allowed. But that gave rise to practical difficulties.

MR. P.O. THOMAS: Sir, I have great pleasure to support the motion and in doing so I have to point out that the attitude of the Government towards this all-important question of the uplift of the villages of the State is rather callous and indifferent. The Government have not seriously touched this question at all, as could be seen from the Financial Secretary's statement. He has envisaged a 10 year plan and each year, in a country where the income is more than Rs. 820 lakhs and odd, the Financial Secretary is trying to spend only Rs. 3 lakhs for the betterment of the villages.

PRESIDENT : The honourable member is not just there, because this amount of Rs. 3 lakhs is in addition to the amount set apart for minor irrigation works, public health schemes and the like. Therefore, to say that only Rs. 3 lakhs per year is to be spent on villages is not correct.

MR. P. O. THOMAS : But if any special consideration is shown to the villages, the 3 lakhs proposed to be spent is highly inadequate. Again, there is no meaning in stating that a crore of rupees is set apart for the "uplift fund". As a matter of fact Rs. 3 lakhs alone is to be spent yearly for the purpose of improving the villages. That is not going to touch even the fringe of the whole question. I will cite a typical instance to show the attitude of the Government in a matter of this kind. I may bring to the notice of Government that I was very much interested to hear from Mr. Varghese yesterday that on account of insistent demands of the public 24 toddy shops were granted in the year 1120. That is borne out by the Administration Report as well. The very same year we find four dispensaries having been granted by Government for the benefit of the people of the State. Three midwifery centres were also opened newly in the State in that year. For the year 1120, the amount spent towards these four dispensaries comes barely to a quarter of a lakh as per the Report.

MR. K. M. PAUL : Is the honourable member aware that wherever dispensaries are allowed to be opened, the buildings have to be constructed by the people according to Government plan besides the surrendering of the site?

LIBRARY ARCHIVES Kerala Legislative Assembly

MR. P. O. THOMAS : Quite so. The amount incurred by Government for running four dispensaries is only Rs. 25,000. An income of Rs. 2 lakhs at least must have been collected from the 24 toddy shops which were started on account of insistent demand of the villagers.

MR. CHAZHIKKATTU JOSEPH : ഡിസ്പൻസറി എത്ര തിന്നാലും അതിൽ ജോലിചെയ്യാൻ ഡാക്ടറന്മാർ ഇപ്പോൾ വളരെ കുറവാണെന്നു മെന്വക്കറിയാമോ ?

MR. P. O. THOMAS : Now that demobilisation has begun it may not be very difficult to get doctors. That is my view of the matter.

MR. VARKALA K. MADHAVAN : There again the doctors must be reasonably paid.

MR. P. O. THOMAS : That is a point to be noted. If Government stick to previous rates so far as payment to doctors is concerned, they will care more for private practice.

When they come to the question of villages, Government always think of a 10 year programme or 5 year programme. That occurs to me as a kind of camouflage so far as uplift of villages is concerned. But when it comes to a matter where Government feel that a particular work has got to be done, we find that things are done most quickly. Here is the typical instance of the aerodrome where the Government actually wanted the work to be finished and it is nearing completion. The question of 10 year or 5 year programme does not come in at all.

Now, let us consider, what is the practical utility of the aerodrome. People who will be making use of the aerodrome are only few. Only the Dewan and a few State Guests who visit our State will be using the aerodrome.

PRESIDENT : That is not quite accurate. There is a proposal to commence a daily or bi-weekly service from Trivandrum. The commercial community and the business interests are very interested in this matter because as I have endeavoured to point out, instead of taking a day to travel from Trivandrum to Ernakulam the whole distance could be covered in 45 minutes.

MR. P. O. THOMAS : My question is, what will be the number of Travancoreans who will actually use the aerodrome or who will be benefitted by it. There will not be more than half a dozen. Ordinarily people cannot afford to travel in a plane. Even among business magnates who are interested in air service only the Directors of big companies can afford to use the airways. It is not the common man of Travancore who will be benefitted by it. So that is an indication of the indifference on the part of Government so far as the interest of the common man is concerned.

PRESIDENT : Does the honourable member realise that the charges from Trivandrum to Ernakulam will not be much more than the first class railway fare from here to Ernakulam ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. O. THOMAS : I have no idea of that.

PRESIDENT : Does not the honourable member know the rate of the first class railway ticket ?

MR. P. O. THOMAS : Persons who travel in first class are also rare. But that is not my point. In a matter where Government want to do a thing, they do it right or wrong. But when it comes to improvement of the villages, the speech of the Financial Secretary indicating the annual provision is adverted to and made much of. What do we find there ? Nothing but a camouflage. A provision is put in to cloud the whole issue. Thereby no practical benefit is being done to the villager. So, I submit that the attitude of the Government must be thoroughly overhauled. In the matter of uplift of villages there must be a complete recasting of measures proposed by Government. The present proposals of Government are insufficient. They must evolve some plan which will tackle this question in a satisfactory way. I may even say that a separate department should be started for the purpose of working the "village uplift scheme". With these observations I support the motion.

MR. K. A. MATHEW : Sir, I have great pleasure in supporting the motion before the House. Opinions ventilated in this House and elsewhere are a clear indication of the concern felt for the Villages of Travancore. I wonder how far the Government is really alive to the problems and needs of rural Travancore. The allocation of one crore of rupees in the budget as 'Village Uplift Fund' is a very welcome step. But my fear arises when I find there is no definite plan or scheme placed before the Country by the Government for the utilisation of this amount. As was remarked in this House it looks like a camouflage. Probably this Government wants to follow suit when it found the Congress Governments launching on Village Uplift Projects. But the Congress Governments proceed on well-thought out plans, while this Government has no plan. If the Government are really earnest in the matter, I think they ought to have presented to this House a complete scheme of village reconstruction by which the whole village life is to be rejuvenated. As Pandit Jawaharlal Nehru put it, "a revolutionary programme of significance is one aimed at increasing the standards of living of our villagers within a space of 5 or 10 years". The proposed village uplift project should be conceived in that spirit. Otherwise it would mean little to our villagers. I am afraid the Government has not realised the need for revolutionising the whole life of the country side. The other day I was reading the report of the Health Survey and Development Committee presided over by Sir Joseph Bhore. That Committe made a survey of health conditions and health organisations in British India and have made recommendations for future developments. I wish the Travancore Government also would

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew.]

constitute a similar committee for a thorough survey of the conditions of villages and chalk out ways and means for developing village life. The health of our villagers has deteriorated terribly chiefly due to malnutrition and other reasons. The amenities in our rural areas for enriching the life of the people are miserably lacking. Food is scarce. Much is said about the 'grow-more food scheme'. On an examination of what has been done so far we find little advance made in the direction of raising more food crops. For irrigation works the sums spent by Government are very inadequate. Measures of a revolutionary character for ensuring health, food, shelter and cultural development would give a new life to the people of the villages. I have recently been visiting some of the villages in my own constituency and I found an utter sense of helplessness, hopelessness and frustration among the people. They think that Government is not interested in their welfare. Their primary needs are overlooked, and they are victims of oppression and black marketing. Criticisms and suggestions from the leaders of the people are viewed with suspicion by Government. Government do not take the people into their confidence. The medical aid given to the people of the villages is very meagre. We have been asking Government to open dispensaries in places where there is little medical help. I myself have asked Government to start dispensaries in certain places in my taluk. Very little response has come from the Medical Department to meet this need. My fear is that the Government are not concerned about the health of the people. In all these directions, Government have to adopt a very thoroughly changed outlook. The present budget is a budget for the capitalists. The construction of the aerodrome to the neglect of more urgent works to meet the needs of the bulk of the people is an instance in point. The Dewan was trying to justify the lavish amount of money spent on it and the urgency with which it is being constructed by saying that businessmen can reach Bombay without any loss of time.

Sir, there may not be half a dozen people in Travancore who want to avail themselves of aero-plane travel. He was also telling us that the fare for plane travel is only that of the first class railway fare. But I wonder how many people in Travancore travel even in the first class in railways.

PRESIDENT: I find some labour leaders went to Bombay in the first class to conduct negotiations.

MR. K. A. MATHEW: I do not know anything about that. I ask, does the common man travel in a first class railway compartment?

PRESIDENT: But some labour leaders had travelled to Bombay in the first class.

MR. K. A. MATHEW: I am not aware of it. Take the generality of ordinary men. How many of them can afford to travel in first class? But the point I want to make out is this. In the post-war reconstruction programme the interests of the common people—the masses—should receive the priority, and not those of the rich few.

LIBRARY ARCHIVES Kerala Legislative Assembly

The poor villagers are to be the first charge on the States' revenues. The sum one crore of rupees set apart should be actually spent for their own uplift. The Government must secure the services of experts in rural work to study rural needs and conditions and to formulate a scheme. The work must be done according to a plan; and in carrying out the plan they must seek the co-operation of the non-official elements in the country, without which no tangible work is possible. I urge strongly that Government should forthwith proceed to draw up a programme of work for utilising the one crore of rupees allotted, and they should win the co-operation and initiative of the people in carrying out of programme.

MR. K. K. CHELLAPPAN PILLAI: Does not the honourable member think that a bureaucratic Government is incapable of putting through schemes for reconstruction and that is the reason why we agitate for the grant of Responsible Government?

MR. K. A. MATHEW: Certainly they are incapable of executing such schemes. There is no doubt about it. Only a Government of the people for the people can plan long-range schemes and carry them out for the benefit of the people. Mr. Henry Wallace said the other day, that the century of the common man has dawned. Travancore Government should recognise this truth, and help the common man to come to his own. Only then will there be contentment among the people. For this, planning is essential. Post-war world will be a planned world.

MR. CHAZHIKATTU JOSEPH: സർ, മി. നാരായണന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. അതിനുമപ്പുറം ഒരു സംഗതി ഗ്രാമങ്ങളെപ്പറ്റി പറയാനുണ്ട്. കഴിഞ്ഞ അസംബ്ലിയിൽ എന്റെ താലൂക്കിലുള്ള ഉഴുവൂർ ഗ്രാമത്തിലേക്ക് ഒരു ഡിസ്പെൻസറി ചണിയിച്ചുകൊടുക്കാമെന്നു സമ്മതിച്ചതനുസരിച്ചു ഗവണ്മെൻറിലേക്ക് നിവേദനംചെയ്തു. അതനുസരിച്ചു അനുവദിച്ചുകൊടുക്കുന്നതിനായി മെഡിക്കൽബോർഡിൽ നിന്നും ഗവണ്മെൻറിലേക്കു റക്കമെൻറു ചെയ്കയും ചെയ്തു. അതു നടപ്പിലാക്കാത്തതുകൊണ്ടു ബോർഡിൽനിന്നും ഞാൻ രാജിവയ്ക്കുന്നു എന്നു പറഞ്ഞു. അപ്പോൾ അങ്ങു പറഞ്ഞു രാജിക്കത്തിരിക്കട്ടെ, ഡിസ്പെൻസറി സംബന്ധിച്ചു റിക്കാർഡുകൾ നോക്കാമെന്നും, ഞാൻ കുറെ കാത്തിരുന്നതിന്റെ ശേഷം മുൻ എന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച കത്തു അങ്ങയുടെ പേക്കു അയച്ചു. അതിനു ഇതുവരെ മറുപടി ലഭിച്ചിട്ടുമില്ല. ഇങ്ങനെ നോക്കുമ്പോൾ ഗ്രാമങ്ങളുടെ കാര്യം ആരും നോക്കാറില്ല, ശ്രദ്ധിക്കാറില്ല. തിരുവിതാംകൂർ രാജ്യത്തെയും ജനങ്ങളേയും നന്നാക്കണമെന്നു ആഗ്രഹിക്കുന്നപക്ഷം ആദ്യമായി ഗ്രാമങ്ങളെ നന്നാക്കണം. ഗ്രാമങ്ങൾ നന്നായാൽ പ്രകൃതി നന്നാകും. പ്രകൃതി നന്നായാൽ താലൂക്കുകൾ നന്നാകും. താലൂക്കുകൾ നന്നായാൽ രാജ്യം നന്നാകും. അതുകൊണ്ടു യഥാർത്ഥത്തിൽ ഗ്രാമങ്ങളെ നന്നാക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുന്നപക്ഷം പല

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

തും അവിടെ ചെയ്യാനുണ്ട്. ഗ്രാമങ്ങളിൽ ഇപ്പോഴും ചെന്നാൽ കുടിക്കാൻ വെള്ളമില്ല, കുളിക്കാൻ വെള്ളമില്ല, നടക്കാൻ വഴിയില്ല, ഉടുക്കാൻ തുണിയില്ല, കിടക്കാൻ സ്ഥലമില്ല. ഈ നിലയിലാണ് ഗ്രാമീണ ജനങ്ങൾ ഇന്നു കഷ്ടപ്പെടുന്നത്. അതുകൊണ്ട് ഓരോ ഗ്രാമങ്ങളിലും ആവശ്യമുള്ള ഗ്രാമറോഡുകളും ഉണ്ടാക്കണം. കുടിക്കാൻ ശുദ്ധജലമില്ലാത്ത ഗ്രാമങ്ങളിൽ കിണറുകളും കുഴിപ്പിച്ചു, കുളിക്കുന്നതിനു സൗകര്യമില്ലാത്ത സ്ഥലത്തു കുളങ്ങളും കുഴിപ്പിച്ചു, ഗ്രാമങ്ങളും നന്നാക്കണം. ഈയിടെ ശുദ്ധജലമില്ലാത്ത സ്ഥലങ്ങളിൽ കിണറു കുഴിപ്പിക്കുന്നതിനായി ഏതൊരു തുക അനുവദിച്ചിട്ടുള്ളതായി കേട്ടു. കുളങ്ങളും നന്നെ കുളിക്കാൻ സൗകര്യമുള്ളതാക്കിതീർക്കണം. എന്റെ താലൂക്കിൽതന്നെ ഒരു കുളം കൃഷിക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണ്. ഇതിനിടയിൽ മിഥുനം കർക്കടകമാസങ്ങളിൽ കുളമുണ്ടാക്കുന്ന ഒരു പദ്ധതിവു് ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു കുളം ഞങ്ങളുടെ താലൂക്കിൽ ഉണ്ടാക്കിത്തരണമെന്നു ഞാൻ ആവശ്യപ്പെട്ട തഹശീൽദാരെയുംഎക്സിക്യൂട്ടീവ് എഞ്ചിനീയരെയുംകൊണ്ടുചെന്നു കാണിച്ചു. കുളം കുഴിക്കുന്നതു നന്നായിരിക്കുമെന്നും അഭിപ്രായപ്പെട്ടു. വെള്ളം താഴോട്ടു പോകാതിരിക്കാൻ ഒരുവശം കല്ലു കെട്ടേണ്ടിയിരുന്നതിൻമൂലം ആ ജോലി പി. ഡബ്ലിയു. ഡി. ക്കാർ ചെയ്യേണ്ടതല്ലെന്നും ഇറിഗേഷൻകാർ ചെയ്യേണ്ടതാണെന്നും അദ്ദേഹം ഞങ്ങൾക്കു മറുപടി തന്നു. അങ്ങനെ കാര്യം അവിടെനിന്നു. ഇതാണ് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ എന്നു പറയുന്നതു്. ഒരുവശം കല്ലു കെട്ടണമെന്നുള്ളതു ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ജോലിയാണ്. അതുകൊണ്ടു അദ്ദേഹത്തോടു അപേക്ഷിക്കണമെന്നു പി. ഡബ്ളിയു. ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടിതന്നു. ഇങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞുപറഞ്ഞു കാര്യം നടന്നില്ലെന്നുമാത്രം പറഞ്ഞാൽ മതിയല്ലോ. അതുകൊണ്ടു ഗവണ്മെൻറിൽനിന്നും ഇപ്പോൾ ഗ്രാമോദ്ധാരണം വകുപ്പു് ഒരുകോടി രൂപാ മാറിവച്ചിട്ടു് അതിൻറെ പ്രതിവർഷ പലിശ മൂന്നു ലക്ഷം രൂപകൊണ്ടു ഗ്രാമോദ്ധാരണം നിർവഹിക്കാമെന്നു പറഞ്ഞാൽ തിരുവിതാംകൂറിലെ ൪൦൦-ൽ പരം പകുതികളിൽ ഉള്ള ൪൦൦൦-ൽ പരം ഗ്രാമങ്ങളും നന്നാക്കാൻ തുടങ്ങിയാൽ ഒരു ഗ്രാമത്തിനു ശരാശരി ൭൫ രൂപ മാത്രമേ കിട്ടുകയുള്ളൂ. ഈ നിസ്സാര തുകകൊണ്ടു ഒരു കിണറിൻറെ ഒരു വക്കു് കെട്ടാൻ കഷ്ടിച്ചു കാണും.

PRESIDENT: I suppose the Honourable member realises that Rs. 3 lakhs is for a year and it is a ten year programme.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH: നമുക്കു ചക്രം ഇപ്പോൾ ധാരാളമുണ്ടല്ലോ. ഇപ്പോൾ എട്ടരക്കോടി രൂപയാണല്ലോ നമ്മുടെ വരവ്. ഫ വ വ -ൽ കൂടി അങ്ങു ചെലവു ചെയ്യണം. മൂന്നോ നാലോ ഗ്രാമങ്ങൾ നന്നാക്കാൻ മാത്രമേ മൂന്നലക്ഷം രൂപാ വരികയുള്ളൂ. കുറേകോടി രൂപ തന്നെ ഫ വ വ-ൽ അങ്ങു ചെലവാക്കണം. ഓരോ ഗ്രാമത്തിലും ഓരോ കിണറെങ്കിലും കുഴിപ്പിക്കാൻ അങ്ങു തീരുമാനിക്കണം. ഭക്ഷണം ഏതായാലും ഇപ്പോൾ കുറവാണ്. അതുകൊണ്ടു വെള്ളമെങ്കിലും കോരിക്കുടിക്കാൻ സൗകര്യമുണ്ടാക്കി കൊടുക്കേണ്ടതാണ്. മൂന്നലക്ഷം രൂപകൊണ്ടു തിരുവിതാംകൂറിലെ ഗ്രാമങ്ങൾ നന്നാക്കാൻ സാദ്ധ്യമല്ല.

അതുപോലെതന്നെ ഒരു ആയുർവേദഡിപ്പാർട്ടുമെന്റു ഈ രാജ്യത്തുണ്ട്. പഴമയുണ്ടെങ്കിലും നമ്മുടെ ജന്മത്തു ധാരാളമുണ്ട്. ആയുർവേദഡിപ്പാർട്ടുമെന്റു വികസിപ്പിച്ചു എല്ലാ ഗ്രാമങ്ങളിലും ഓരോ ആശുപത്രി വീതം സ്ഥാപിച്ചു ഗ്രാമീണജീവിതം സുഭാഗ്യപൂർണ്ണമാക്കണം. അങ്ങനെ ഗ്രാമങ്ങളുടെ നില അടിമുടിപ്പൊളിച്ചുപണിയണം. ഇവിടെ വൈദ്യന്മാർ ആണ്ടുതോറും ധാരാളം പാസ്സായി വരുന്നുണ്ട്. ഡോക്ടർമാരെ കിട്ടാൻ മാത്രമല്ലേ പ്രയാസമുള്ളൂ. ഇംഗ്ലീഷ് മരുന്നും കിട്ടാൻ പ്രയാസമാണ്. അതുകൊണ്ടു ആയുർവേദഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം വികസിപ്പിച്ചു ഓരോ ഗ്രാമങ്ങളിലും ആയുർവേദ വൈദ്യശാലകൾ സ്ഥാപിക്കണം.

രണ്ടാമതായി എനിക്കു പറയാനുള്ളതു് ഇപ്പോഴുള്ള റോഡുകൾ, അനുവദിച്ചിട്ടുള്ള പണംകൊണ്ടുടൻ പൂർത്തിയാക്കുന്നതിനുവേണ്ടി ശ്രദ്ധ ചെലുത്തണം. എന്തായാലും "Something wrong some where" എന്നു സമ്മതിക്കാതെ തരമില്ല. അതു് എവിടെയാണെന്നു കണ്ടുപിടിച്ചു പരിഹരിച്ചു് ആവശ്യക്കാരെക്കൊണ്ടു വേല ചെയ്യിക്കണം. പി. ഡബ്ലിയു. ഡി. വക്കിന്നു ൪൦൦൦൦ രൂപ അനുവദിച്ചിട്ടുണ്ടെങ്കിൽ വേല ചെയ്യിക്കാൻ തുടങ്ങുമ്പോൾ ഒരു വീതം കഴിഞ്ഞു ൩൦൦൦൦, മറെറാരു വീതം കഴിഞ്ഞു ൨൫൦൦൦, വേറൊരു വീതം കഴിഞ്ഞു. ൨൦൦൦൦ കൺട്രാക്ടരുടെ വീതം കഴിഞ്ഞു ൪൦൦൦ ഇങ്ങനെ കുറഞ്ഞു കുറഞ്ഞു കുറഞ്ഞു വരുന്നു. വെള്ളം കുറേച്ചു മണ്ണിനും കല്ലിനും വേണ്ടി ചെലവാകുന്നൊള്ളൂ. അല്ലാതെ മറു വിധത്തിൽ പോകുന്നതല്ല. അനുവദിച്ചിട്ടുള്ള പണം മുഴുവൻ ചെലവുചെയ്യാൻ വ്യവസ്ഥ ഉണ്ടാക്കേണ്ടതു അത്യന്താപേക്ഷിതമാണ്. വേല ചെയ്താൽ ചില സ്ഥലങ്ങളിൽ നേരത്തെ ബില്ലു അനുവദിച്ചുകൊടുക്കുകയില്ല. അവർ ഫ ൦-൦, വ ൦-൦, മൈൽ ദൂരം അനേക ദിവസങ്ങൾ നടന്നാണ് ബിൽ അനുവദിപ്പിക്കുന്നതു്. കൺട്രാക്ടറോടു എവിടെ പോയെന്നു ചോദിച്ചാൽ ബിൽ അനുവദിപ്പിക്കാൻ പോയി എന്നു പറയും. എന്തായാലും അനുവദിച്ചുകൊടു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikattu Joseph.]

ക്കുകയില്ല. ഇതെന്തു കഷ്ടമാണ്. ഇതിന്റെ ഫലം വേല ചെയ്യുന്നവനെ ചെയ്യാൻ സമ്മതിക്കുകയില്ല; എന്നാൽ തന്നത്താൻ ചെയ്കയുമില്ല. ചുരുക്കത്തിൽ ഒരു വേലയും മുമ്പോട്ട പോകയുമില്ല. ഇതാണു പി. ഡബ്ലിയു ഡി. യിലെ ഇന്നത്തെ നില.

റോഡു നന്നാക്കണം, കിണർ കുഴിപ്പിക്കണം, ആയുർവേദ ഡിസ്പെൻസറികൾ വികസിപ്പിക്കണം. ഇതാണ് ഇന്നു ചെയ്യേണ്ടതു്. ഒരു പുതുകാലം നാട്ടുകാർതന്നെ ഉണ്ടാക്കുമെന്നു പഞ്ഞാൽ അവർക്കു വേണ്ട ധനസഹായം ചെയ്യണം. വായനശാലകൾക്കു് അനുവാദം ചോദിച്ചാൽ ഗവണ്മെൻറു അവയ്ക്കു ഗ്രാൻറു നൽകി സഹായിക്കണം. ഇതിലേക്കെല്ലാം ഗവണ്മെൻറു ക്രൂടുതൽ തുക പതിപ്പിക്കണം. ഈ ഒരുകോടി രൂപയും ഇപ്പോണ്ടിൽതന്നെ ചെലവു ചെയ്യണം. അണ്ടുതോറും ഒരു കോടി രൂപാ ചെലവു ചെയ്യുന്നപക്ഷം ഗ്രാമങ്ങൾ പെട്ടെന്നു് അഭിവൃദ്ധിപ്പെടും.

അടുത്തതായി പറയാനുള്ളതു് പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ്. ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം കുറെക്കൂടി വികസിപ്പിക്കണം. പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽ കുറെ യൂണിറ്റുകൾ ക്രമീകരിച്ചുണ്ടു്. ഈ പ്രവർത്തനം വിപുലമാക്കണം. തിരുവിതാംകൂറിന്റെ പകുതിഭാഗത്തു,വിശേഷിച്ചു വടക്കൻ തിരുവിതാംകൂറിന്റെ മിക്ക ഭാഗങ്ങളിലും മലേറിയ ബാധിച്ചിട്ടുള്ള സ്ഥലങ്ങളാണ്. ആ സ്ഥലങ്ങളിൽ ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ യൂണിറ്റുകൾ ഉണ്ടാക്കി ആളുകളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തണം.

Mr. V. I. IDICULLA : നാട്ടിൻപുറങ്ങളെ സംബന്ധിച്ചു നമ്മുടെ ഗവണ്മെൻറു അശേഷം ശ്രദ്ധ പതിക്കുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. അടുത്ത ആണ്ടത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപാ ഗ്രാമോദ്ധാരണത്തിനായി മാറ്റിവച്ചിട്ടുണ്ടു്. സർ, നാട്ടിൻപുറത്തെ ആളുകൾക്കു് ഉണ്ണാൻ ആഹാരമില്ല, ഉടുക്കാൻ വസ്ത്രമില്ല, കുടയില്ല, പണമില്ല, മരുന്നില്ല. ഇങ്ങനെ അന്ധകാരമയമാണു് ഗ്രാമീണജീവിതം. എന്നാൽ വൈദ്യുതദീപങ്ങളാൽ പ്രശോഭിതമായ കേന്ദ്രവിലാസത്തു ബാറ്റാവിൽ പട്ടാളക്കാരുടെ അകമ്പടിയോടുകൂടി സ്തുതിപാഠകന്മാരുടെ സ്തുതിഗീതങ്ങളും മുഴങ്ങുന്ന കേന്ദ്രവിലാസംബംഗ്ലാവിൽ കഴിഞ്ഞു ഇരുന്നാൽ നാട്ടിൻപുറത്തുള്ള ആളുകളുടെ കഷ്ടപ്പാടു് അറിയാൻ സാദ്ധ്യമല്ല. അതിനാൽ നാട്ടിൻപുറത്തെ ആളുകളുടെ യഥാർത്ഥവിവരങ്ങളും വേണ്ടവിധത്തിൽ അന്വേഷിച്ചു അതിനു പരിഹാരമുണ്ടാക്കണം. സർ, ഇക്കാര്യത്തിനു ഏതെങ്കിലും ഒരു ഗ്രാമം അങ്ങേക്കു് പരിശോധിക്കുവാൻ മയവുണ്ടാകുമോ എന്നു ഞാൻ ചോദിക്കുന്നു. യഥാർത്ഥത്തിൽ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ കാണണമെങ്കിൽ അങ്ങുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗ്രാമം സന്ദർശിച്ചു സ്വന്തം കണ്ണുകൊണ്ടു കണ്ടു് അനുഭവപ്പെടണം. വേഷപ്രച്ഛന്നനായി പോയാൽ ഒന്നുകൂടി നന്നായിരിക്കും. ഉദ്യോഗസ്ഥന്മാർ എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിയിട്ടു് അങ്ങു് ഗ്രാമങ്ങളിലേക്കു പോയാൽ ഒന്നും കണ്ടറിയാൻ സാദ്ധ്യമല്ല. റോഡുകൾ പോലും നന്നാക്കി ശരിപ്പെടുത്തിയിട്ടുകളയും. അങ്ങനെ പോയാൽ യഥാർത്ഥമായ സംഗതികൾ മനസ്സിലാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഗ്രാമങ്ങളിലെ സ്ഥിതിക്കു് ഒരു നിവാരണം ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.

MR. K. G. KESAVAN NAIR (*Changanacherry* Cum *Peermade*): ശ്രീമാൻ കെ. ജി. നാരായണൻ അവർകളുടെ ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഗ്രാമോദ്ധാരണമെന്നുള്ള സംഗതി തിരുവിതാംകൂറിനെ മാത്രമല്ല; ഭാരതത്തെ മുഴുവൻ ഒന്നായി ബാധിച്ചിരിക്കുന്ന ഒന്നാണു്. നമ്മുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കും അടിസ്ഥാനമായി നിൽക്കുന്നതു് ഗ്രാമോദ്ധാരണമാണെന്നുള്ളതിനു സംശയമില്ല. എല്ലാവിധത്തിലുമുള്ള അഭിവൃദ്ധി എല്ലാ ഗ്രാമങ്ങളിലും ഉണ്ടായെങ്കിൽ മാത്രമെ രാജ്യം എല്ലാവിധത്തിലും അഭിവൃദ്ധിപ്പെട്ട എന്നു പറയാൻ നിവൃത്തിയുള്ളൂ. ഓരോ ഡിപ്പാർട്ടുമെൻറിന്റെയും ശരിയായ പ്രവർത്തനം ഗ്രാമങ്ങളിൽ ശരിയായി എത്തുന്നില്ലെന്നും, ജനങ്ങൾക്കാവശ്യമുള്ളതും അവകാശപ്പെടാവുന്നതുമായ സുഖസൗകര്യങ്ങൾ ഓരോ ഗ്രാമത്തിലും സിദ്ധിക്കുന്നില്ലെന്നും ശരിയായി പരാതി പറയുവാൻ ധാരാളം അവകാശമുണ്ടു്. എന്നാൽ ശരിയായ പദ്ധതികളോടുകൂടി പ്രവർത്തനം നടത്തുന്നില്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന അഭിവൃദ്ധി ഉണ്ടാകയില്ലെന്നാണു എനിക്കു തോന്നുന്നതു്. ഈ രാജ്യത്തുള്ള എല്ലാ ഗ്രാമങ്ങളും പകുതികളും ഏതെങ്കിലും വില്ലേജുയൂണിയന്റെ അധീനതയിൽ ഉൾപ്പെടുത്തി, ആ വില്ലേജു യൂണിയൻ മുഖാന്തരം ജനങ്ങളുടെ സഹകരണത്തോടുകൂടി, മറ്റു ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങളും, ഗ്രാമോദ്ധാരണപ്രവർത്തനങ്ങളും യോജിപ്പിച്ചു പ്രവർത്തിക്കുന്നപക്ഷം പത്തിരുപതുകൊല്ലംകൊണ്ടു നാം ഉദ്ദേശിക്കുന്ന വിധത്തിൽ ഗ്രാമങ്ങളെ ഉദ്ധരിക്കാൻ സാധിക്കുമെന്നാണു എന്റെ അഭിപ്രായം. ഇപ്പോൾ ഗ്രാമോദ്ധാരണത്തിന് മൂന്നുലക്ഷം രൂപാ ഫണ്ടു മുതൽ നമുക്കു ചെലവാക്കാൻ സാധിക്കുമെന്നു തീരുമാനിക്കപ്പെട്ടിരിക്കുന്നു. ഈ ലക്ഷം രൂപാ വിഭജിച്ചാൽ ഓരോ ഗ്രാമത്തിനും വളരെ കുറഞ്ഞ ഒരു തുക മാത്രമെ ചെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. G. Kesavan Nair.]

ലവാക്കാൻ സാധിക്കയുള്ളൂ എന്നുള്ളതു പരമാർത്ഥമാണു. യഥാർത്ഥത്തിൽ ഓരോ പകുതിയിലും കരത്തിലും രണ്ടായിരവും, മൂവായിരവും, അയ്യായിരവും രൂപാ ചെലവു ചെയ്യാതെ പണ്ടുകൊല്ലംകൊണ്ടു യഥാർത്ഥമായ രീതിയിൽ ഗ്രാമോദ്ധാരണം നടത്താൻ സാദ്ധ്യമല്ല. അതിലേക്കു ഞാൻ മുൻപു പറഞ്ഞതുപോലെ ഓരോ പകുതിയും, കരയും വില്ലേജ് യൂണിയന്റെ അതിർത്തിയിൽപ്പെടുത്തി വിദ്യാഭ്യാസം, പബ്ലിക്ക് ഹെൽത്തു, ആയുർവേദം ഇങ്ങനെയുള്ള ഡിപ്പാർട്ടുമെൻറുകളുടെയും പകുതി ഉദ്യോഗസ്ഥന്മാരുടെയും സഹകരണത്തോടുകൂടി ശരിയായി പ്രവർത്തിച്ചാൽ നമ്മുടെ ഉദ്ദേശസാദ്ധ്യത്തിൽ എത്തിച്ചേരാൻ സാധിക്കും. അതല്ലാതെ മുന്നലക്ഷം രൂപാ മാറിവച്ചിരിക്കുന്നതു് ഒരുവിധത്തിലും മതിയാകുന്നതല്ല. ഒരു ചെറിയ തുക ഓരോ ഗ്രാമത്തിലും ചെലവാക്കുന്നതുകൊണ്ടു പ്രയോജനമില്ല. എന്നുതന്നെയല്ല ഈ രാജ്യത്തു പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ളതുപോലെ ഏതെങ്കിലും ഒന്നരണ്ടു പകുതികളെടുത്തു പരീക്ഷണാർത്ഥം ഗ്രാമോദ്ധാരണപ്രവർത്തനം നടത്തിയാൽ അതു മാറു പകുതികളിലെയും, താലൂക്കുകളിലെയും അളുകൾക്കു് പരാതിക്കിടയാകും. അതുകൊണ്ടു എല്ലാ പകുതികളെയും, കരകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി സ്വീകരിക്കത്തക്കവണ്ണം ഒരു തുക നീക്കി വയ്ക്കണമെന്നാണു എന്റെ അഭിപ്രായം. അങ്ങനെ ചെയ്താൽ ഇപ്പോൾ പരാതി പറയുന്നതുപോലെ സകല സൗഭാഗ്യങ്ങളും ഒരു ഗ്രാമത്തിൽ ഉണ്ടാകണമെങ്കിൽ അനേകം കോടി രൂപാ ചെലവാക്കണം. അതിനു എനിക്കു തോന്നുന്നതു് ഒരു കൊല്ലം ൨൦-൨൫ ലക്ഷം രൂപായെങ്കിലും മാറി വച്ചിട്ടു് അതിൽനിന്നും വീതിക്കയായിരിക്കും നല്ലതെന്നാണു്. ഓരോ വില്ലേജ്യൂണിയന്റെയും അതിർത്തിയിൽ പ്രവർത്തനം നടത്തിയാൽ അതാതുസ്ഥലത്തെ പരിതഃസ്ഥിതിയനുസരിച്ചു തുകകൾ മാറിവച്ചിട്ടു് പ്രവർത്തിക്കുന്നപക്ഷം പൊതുജനങ്ങൾ മുൻപോട്ടു വരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗ്രാമോദ്ധാരണപദ്ധതികളുടെ പ്രവർത്തനത്തിനു് നിയുക്തരാകുന്ന ഉദ്യോഗസ്ഥന്മാർ യോജിച്ചു മുൻപോട്ടു പോകുന്നപക്ഷം കാലക്രമേണ നാം ഉദ്ദേശിക്കുന്ന പണ്ടുകൊല്ലംകൊണ്ടു ഏകദേശമെങ്കിലും ഉള്ള ഒരു പ്രവർത്തനം നടത്താൻ സാധിക്കുമെന്നാണു എന്റെ വിശ്വാസം.

MR. CHAZHIKKATTU JOSEPH: ഒരു കിണറു കുഴിക്കണമെങ്കിൽ ഒരാണ്ടിൽ അഞ്ചു് അടി കുഴിക്കുക, അടുത്തയാണ്ടിൽ കുറെ കുഴിക്കുക, കെട്ടുക

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പത്തുകൊല്ലംകൊണ്ടു അതു പൂർത്തിയാക്കിയാൽ മതിയെന്നാണോ മെമ്പറിന്റെ അഭിപ്രായം?

MR. K. G. KESAVAN NAIR: ഒരു കിണറു കുഴിക്കയാണെ ആട്ടം ചെയ്യേണ്ടതെങ്കിൽ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ആവശ്യമുള്ള തുക എഴുതി കിണറു കുഴിപ്പിക്കണം. അങ്ങനെയാണ് സാധാരണ ചെയ്യുന്നതെന്നു സാമാന്യബുദ്ധിയുള്ളവർ മനസ്സിലാക്കും. അല്ലാതെ അഞ്ചു രൂപാ ആണ്ടുതോറും കിണറുകുഴിക്കാൻ മാറ്റി വയ്ക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു ബുദ്ധിയില്ലാത്തവരല്ല വില്ലേജു യൂണിയനുകളിൽ വരുന്നതു്. അങ്ങനെ ഭയപ്പെടേണ്ട ആവശ്യവുമില്ല.

PRESIDENT: Order, order. These motions are with reference to the recruitment of Ezhavas. I find in the motions on the reduction of total grant, the names of Udayabhanu, Mr. Daniel Thomas, Mr. P. S. Mahomed, Mr. K. R. Narayanan and Mr. Neelacantan. I think it will conduce to convenience if we confine this to the Ezhavas and then deal with other matters. It is a matter for the House to decide whether we would rather have the whole question of communal representation now or not.

MR. P. S. NATARAJA PILLAI: It would be better to discuss that question under the Public Service Recruitment.

PRESIDENT: Apparently judging from the trend of the discussions, it is not the jurisdiction of the Public Service Commissioner about which there is any complaint, because the Public Service Commissioner only recruits up to a certain standard. The complaint is that in the higher appointments, there is no representation. That matter will come up only under reduction of total grant. Why I am mentioning this is because if we allow this matter to be discussed we have quite a number of people desiring to discuss this question and I do not want to keep back any. I find that the next motion is that of Mr. Karunakara Thandar to discuss about the food control and the textile control. I do not want to minimise the importance of communal representation or feelings of the communities in regard to this matter, but the point is that the Government would be very grateful if sepecific complaints or specific suggestions as to the details of the food control and the textile control are brought to the notice of Government. If honourable members bring up definite complaints, and suggestions rather than a general complaint, it will be of use, because this control will, very likely, have to continue for a year or two so far as we can judge. If honourable members would rather have this matter fully discussed and the question of communal representation taken up along with the reduction of total grant, it might be better. However, it is a matter for the House to decide.

LIBRARY ARCHIVES Kerala Legislative Assembly

MR. CHAZHIKATTU JOSEPH : ഇതുയും സംസാരിച്ചതുകൊണ്ട് തുടൻ കമ്മ്യൂണൽ കാര്യങ്ങളെപ്പറ്റി സംസാരിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

The question whether the general discussion on communal representation in continuation of what is now going on was put to vote and lost.

PRESIDENT : So, I shall now have the discussion confined to the representation in Public Service of the Ezhavas and then proceed to food.

MR. CHAZHIKATTU JOSEPH : സർ, ഈഴവസമുദായം ജനസംഖ്യയിൽ മികച്ചുനിൽക്കുന്ന ഒന്നാണ്. വിദ്യാഭ്യാസപരമായും തൊഴിൽപരമായും അവർ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. ആ നിലയ്ക്ക് സർക്കാർ സർവ്വീസിൽ അവർക്ക് ന്യായമായ പ്രാതിനിധ്യം കൊടുക്കേണ്ടതാണ്. ഈഴവർക്ക് മുൻകാലങ്ങളിൽ പബ്ലിക്ക് സർവീസിൽ പ്രാതിനിധ്യം കിട്ടുന്നില്ലാ എന്നു പറഞ്ഞപ്പോൾ ഞാനോർക്കുന്നു, ഫാമർ-ൽ അങ്ങനെ തോന്നുന്നു, ഈഴവരിൽ മുൻസിപ്പന്മാരില്ല എന്നു പറഞ്ഞു. അതിന്റെ പിറേറദിവസം മി. സി. കെ. മാധവനെ മുൻസിഫായി നിയമിച്ചു; ഈഴവരിൽ ജഡ്ജിയില്ലാ എന്നു പറഞ്ഞപ്പോൾ ഉടൻ മി. സി. കെ. മാധവനെ ജഡ്ജിയാക്കി; സെക്രട്ടേറിയറ്റിൽ വലിയ ഉദ്യോഗസ്ഥന്മാരായി ഈഴവരിലാരുമില്ല എന്നു പറഞ്ഞ ഉടനെ മി. സി. കെ. മാധവനെ സെക്രട്ടറിയാക്കി; ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷന്മാരായി ആരുമില്ലെന്നു പറഞ്ഞപ്പോൾ, മി. സി. കെ മാധവനെ എക്സൈസ് കമ്മിഷണരാക്കി. ഈഴവരിൽ ചീഫ് സെക്രട്ടറിയില്ലെന്നു പറഞ്ഞപ്പോൾ മി. സി. കെ. മാധവനെത്തന്നെ ചീഫ്സെക്രട്ടറിയാക്കി. ഇങ്ങനെ ചതുരംഗത്തിലെ ദേവനെപ്പോലെ ഒരു സി. കെ. മാധവനെ കരുവാക്കി മാറി മാറി വച്ചു.

PRESIDENT : I Think there were other gentlemen—Mr. Govindan and Mr. Kumaran. I don't exactly remember the names.

MR. CHAZHIKATTU JOSEPH : അതുപോലെ ഇപ്പോൾ ഒരു പരമുവിനെ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയും മറിച്ചും വച്ചതുകൊണ്ട് ഈഴവർ തൃപ്തിപ്പെടുകയില്ല. അവർക്ക് ന്യായമായി കിട്ടേണ്ട അവകാശം തീർച്ചയായും കൊടുക്കേണ്ടതാണ്. ഈ ഇരിക്കുന്ന മി. കൈനിക്കര പത്മനാഭപിള്ളയെ എങ്ങനെ സെക്രട്ടറിയാക്കി? എഡ്യൂക്കേഷൻ ബോർഡെന്നുപറഞ്ഞ് ഒരു ബോർഡുണ്ടാക്കി ഒരു റിപ്പോർട്ടെഴുതിച്ചു എന്നതാണ് അല്പം കഴിഞ്ഞപ്പോൾ എഡ്യൂക്കേഷൻ സെക്രട്ടറിയാക്കി. ഇപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറു വിചാരിച്ചാൽ ആരെയും ഉയത്തിക്കൊണ്ടു പോകാൻ സാധിക്കും. മിസ്റ്റർ കൈനിക്കര പത്മനാഭപിള്ളയെ യാതൊരു ബുദ്ധിമുട്ടും ക്രൂടാതെ ഫർക്കറം വച്ചു ടപ്പ് എന്നു പൊക്കി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ ഗവണ്മെൻറു സെക്രട്ടറി ആക്കിവച്ചു. ഒരു പക്ഷേ ഈഴവരിലും മറ്റു ചില സമുദായങ്ങളിലും നിന്ന് കിട്ടാത്ത ചില പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കാൻവേണ്ടി ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനുവേണ്ടി, ക്രിസ്ത്യാനികൾ എതുക്കുന്ന പ്രൈമറി വിദ്യാഭ്യാസം അവക്കെതിരായി പ്രയോഗത്തിൽ വരുത്താൻ വേണ്ടിയായിരിക്കാം മി. കൈനിക്കര പത്മനാഭപിള്ളയെ ആ ഡിപ്പാർട്ടുമെൻറിൻെറ മുകളിൽ കൊണ്ടുവച്ചിരിക്കുന്നത്. അതു പ്രാഥമികവിദ്യാഭ്യാസപദ്ധതി മുൻപോട്ടു കൊണ്ടുപോകാൻ വളരെ സഹായിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നു. ക്രിസ്ത്യാനികളോടുള്ള മനഃപൂർവ്വംകൊണ്ടല്ലേ മി. പത്മനാഭപിള്ളയെ ഈ സ്ഥാനത്തു കൊണ്ടുവച്ചിരിക്കുന്നതു എന്നു ഞാൻ സംശയിക്കുന്നു. മി. പത്മനാഭപിള്ളയെ നീയമിച്ചതുകൊണ്ട് ഞാൻ പരാതി പറയുന്നതല്ല. അദ്ദേഹം എൻെറ ഒരു സ്നേഹിതനാണ്. ഈഴവസമുദായത്തിനു ന്യായമായി കിട്ടേണ്ട അവകാശങ്ങൾ ഉദ്യോഗസംബന്ധമായി ഇപ്പോൾ കിട്ടുന്നില്ല. അതുകൊണ്ടു അവർക്കു കൂടുതൽ ഉദ്യോഗങ്ങൾ കൊടുക്കണം. അവർ വിദ്യാഭ്യാസത്തിലും വ്യവസായത്തിലും അഭിവൃദ്ധി പ്രാപിച്ചു മുൻപോട്ടുവരുന്നു. ഗവണ്മെൻറിൽ നിന്നും ഈഴവസമുദായത്തിൻെറ കാര്യത്തിൽ കൂടുതൽ ശ്രദ്ധ വച്ചു അവർക്കു കൂടുതൽ ഉദ്യോഗം കൊടുക്കണമെന്ന് ഞാൻ ഗവണ്മെൻറിനെ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുന്നു.

MR. K. R. NARAYANAN : ഫ്രഞ്ചുകാർ ഞാൻ ആദ്യമായി നിയമസഭയിൽ വന്നപ്പോൾ, സമുദായപ്രാതിനിധ്യത്തെക്കുറിച്ചു സംസാരിച്ചു. അപ്പോൾ ഞങ്ങൾക്കു ന്യായമായ സങ്കടമുണ്ടെന്നും അതു് ഉടൻ പരിഹരിക്കപ്പെടുമെന്നും അവിടുന്നു ചേംബറിൽവച്ചു എന്നോടു പറഞ്ഞു. അതിനുശേഷം ഒൻപതുകൊല്ലങ്ങളായി സമുദായപ്രാതിനിധ്യവാദത്തിൻെറ ന്യായങ്ങൾ ഉദ്ധരിച്ചുകൊണ്ടു ഞങ്ങൾ പ്രസംഗിക്കുന്നു. അങ്ങനെ ഞങ്ങൾ പ്രസംഗിക്കാൻ നിർബ്ബന്ധിതരായി. അങ്ങയുടെയും, പൊതുജനങ്ങളുടെയും ശ്രദ്ധയെ ഞങ്ങൾ ഇതിലേക്ക് ആകർഷിക്കുന്നു. എന്തുകൊണ്ടാണു ഞങ്ങൾ ന്യായമായി അർഹിക്കുന്ന പ്രാതിനിധ്യം തരാൻ വിസമ്മതിക്കുന്നതു? എന്താണ് ഞങ്ങളുടെ ലാഭനഷ്ടങ്ങളെന്നു ഞങ്ങൾക്കു വ്യക്തമായ കണക്കു തരാൻ അങ്ങയ്ക്കു ചുമതലയുണ്ട്. നാലു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

കൊല്ലത്തിനു മുൻപ് ഈ മേംബറിൽ ഇരുത്തിക്കൊണ്ട് മി. എം. കെ. നീലകണ്ഠയ്യർ പറഞ്ഞു ഗവണ്മെൻറു കണക്ക് പരസ്യം ചെയ്യാൻ തയ്യാറാണെന്ന്. ഒന്നര കൊല്ലം മുൻപ് മി. ജി. പരമേശ്വരൻപിള്ള പറഞ്ഞു ഞങ്ങളുടെ വിജയങ്ങൾ കാണിക്കാൻ കണക്കുതരാൻ തയ്യാറാണെന്ന്. അതിനുശേഷം സൂയ്യോദയങ്ങൾ പലതു കഴിഞ്ഞു. ഞങ്ങളുടെ സമുദായത്തിൻെറ കണക്ക് ഇതുവരെ അറിയുകയോ അറിയിക്കയോ ചെയ്തിട്ടില്ല. പബ്ളിക്സർവീസ് മോവർഡിവിഷനിലെ പ്രാതിനിധ്യം സാമാന്യം തൃപ്തികരമാണ്. അതുപോലെ ഇൻറർമീഡിയറും ഹയറും ഡിവിഷനുകളിലും ഞങ്ങളുടെ യഥാർത്ഥത്തിലുള്ള പ്രാതിനിധ്യം പരിപാലിക്കപ്പെടണം. അവിടെ ഞങ്ങൾക്കു ശരിയായ പ്രാതിനിധ്യം കിട്ടുന്നില്ലെന്നുള്ള സംഗതി വളരെ വ്യക്തമാണ്. ഫ ഫ ഠ ൦-ൽ ഇൻറർമീഡിയറു ഡിവിഷനിൽ രണ്ടുപേരെയാണ് പബ്ളിക്സർവ്വീസു കമ്മീഷണർ നിയമിച്ചിട്ടുള്ളത്. ഇതിൽ ഈഴവൻ ഒന്നുണ്ടെന്നാണ് ഒരു ചോദ്യത്തിന് ഉത്തരം നൽകിയത്. ഫ ഫ ൦. ഫ-ൽ പബ്ളിക്സർവീസുകമ്മീഷണർ ഇൻറർമീഡിയറു ഡിവിഷനിൽ മൂന്നുപേരെയാണു നിയമിച്ചത്. അതിൽ എത്ര ഈഴവരുണ്ടെന്നു ചോദിക്കാൻ സന്ദർഭം തരുന്നതിനു മുൻപ് അദ്ദേഹം ഇരുന്നുകളഞ്ഞു. എൻെറ അറിവു ശരിയാണെങ്കിൽ, ഈ അഞ്ചുപേരിൽ ഒരാൾ ഈഴവനാണെന്നു തോന്നുന്നു. ഇത് ആകെയുള്ള നാൽപതു ശതമാനത്തിൽ നിന്നുമാണ്. ബാക്കി റിസർവ് ചെയ്തിട്ടുള്ള അറുപതു ശതമാനം നിയമനത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പ്രാതിനിധ്യവും ലഭിച്ചിട്ടില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സാങ്കേതികപരിശീലനത്തിൻെറ അഭാവമാണ് ഞങ്ങളുടെ ഈ അസമത്വത്തിനു കാരണമെന്നു പറയുന്നു.

MR. K. M. PAUL : യോഗ്യതയുള്ള അപേക്ഷകന്മാർ ഉണ്ടായിരുന്നോ എന്നു മെംബർ അന്വേഷിച്ചിട്ടുണ്ടോ?

MR. K. R. NARAYANAN : ഉണ്ടായിരുന്നു എന്ന് എനിക്കറിയാം.

എവിടെയാണ് ഈ കുഴപ്പം എന്നറിയാൻ ഞാൻ സാമാന്യമായി ശ്രമിച്ചിട്ടുണ്ട്. എല്ലാ സമുദായങ്ങളോടുമുള്ള സമാദരവിന് യാതൊരു കുറവും വരാതെ പറയുമ്പോൾ ഇതരസമുദായക്കാർക്ക് അനുരഹമായ പ്രവേശനം കൊടുക്കുന്നതാണ് ഈ കുഴപ്പത്തിനു കാരണം എന്നു പറയാതെ നിവൃത്തിയില്ല. ഉദാഹരണമായി ഒരു സംഗതി പറയാം. കുഴിഞ്ഞ ഒരു കൊല്ലത്തിൽ ഒഴിവു പോലീസു ഹെഡ്കാൺസ്റ്റബിൾ

LIBRARY ARCHIVES Kerala Legislative Assembly

മാരെ ഇൻസ്പെക്ടർമാരായി പ്രമോട്ട ചെയ്തിട്ടുണ്ട്. അതിൽ ഒരു ഒറ്റ ഈഴവനെയെങ്കിലും പ്രമോട്ട ചെയ്യുവാൻ മി. പാർത്ഥസാരഥി അയ്യങ്കാക്ക് ദയവുണ്ടായിട്ടില്ല. ഇതു് ഞാൻ പറയുന്നതോടുകൂടി അങ്ങു് ഇവിടെ ദിവാൻജിയായതിനുശേഷം മി. വി. കെ വേലായുധനെ ലേബർ കമ്മീഷണരായി നിയമിച്ചതു് മറന്നു ഞാൻ പറയുകയല്ല; മി. കുഞ്ഞുകുഞ്ഞിനെ ജഡ്ജിയാക്കിയതു മറന്നു പറകയല്ല; മി. ദാമോദരനെ പബ്ലിക്ക് സർവീസ് കമ്മീഷണരുടെ സെക്രട്ടറിയായി നിയമിച്ചതു മറന്നു പറയുകയല്ല; മി. കരുണാകരനെ സെക്രട്ടറിയേറ്റിൽ സൂപ്രണ്ടാക്കിയതിനെയും മറന്നു പറയുന്നതല്ല. പക്ഷെ പതിനൊന്നു ലക്ഷത്തോളം വരുന്ന ഈഴവക്ക് ഈ അംഗുലീപരിമിതമായ പ്രാതിനിധ്യം നൽകിയാൽ മതിയോ എന്നാണു് ഞാൻ ചോദിക്കുന്നതു്. എന്റെ സ്നേഹിതൻ മി. മാധവൻ വളരെ സംഗതമായി അതിനെക്കുറിച്ചു പ്രസ്താവിച്ചു. ഈ രാജ്യത്തിനുവേണ്ടി വേല ചെയ്തിട്ടുള്ള യാതൊരു സമുദായങ്ങളുടെയും പിന്നിലല്ല ഞങ്ങളെന്നു് പറയാൻ ഞാൻ നിർബ്ബന്ധിതനാകുന്നു. കുട്ടനാട്ടിലെ കഥയാണെങ്കിൽ, വേല ചെയ്തു നെല്ലുണ്ടാക്കുന്നതു മുഴുവൻ ഈഴവരാണു്. അതുപോകട്ടെ; ഏറ്റവും വരുമുട്ടുതലുള്ള എക്സൈസ ഡിപ്പാർട്ടുമെന്റിൽ പണം ഉണ്ടാക്കി കൊടുക്കുന്നതാരാണു്? തിരുവോണത്തിനുപോലും വിശ്രമിക്കാതെ, കർക്കടകമാസത്തെ ക്രൂരിരുട്ടിനെപ്പോലും വകവയ്ക്കാതെ പണി എടുത്തു് പാതാളത്തിൽ കിടക്കുന്ന പാതാളഗംഗയെ ആകാശഗംഗയായി തിരിച്ചു്, അതിനെ ഭൂലോകഗംഗയാക്കികൊണ്ടുവന്നു, മനുഷ്യനെകൊണ്ടു കുടിപ്പിച്ചു് ഭൂമിശാസ്ത്രം പഠിപ്പിക്കുന്ന ഞങ്ങൾക്കു് ഒരു പരിഗണനയും തരാൻ ആ വീക്ഷണകോണത്തിൽക്കൂടിയെങ്കിലും സന്നദ്ധമാകേണ്ടതാണു്.

MR. CHAZHIKATTU JOSEPH: കുടിക്കുന്നവർ എല്ലാം റവന്യൂ കൊടുക്കുന്നില്ലേ?

MR. K. R. NARAYANAN: കുടിക്കുന്നവർ പണം കൊടുക്കുന്നുണ്ടു്.

MR. K. A. MAHOMED: ഭൂമിശാസ്ത്രം പഠിപ്പിക്കുന്നു എന്നു പറഞ്ഞാൽ എന്താണു്?

MR. K. R. NARAYANAN: എന്നു പറഞ്ഞാൽ അതുതന്നെ.

എന്റെ സ്നേഹിതൻ പറഞ്ഞ ഒരു സംഗതി വളരെ പരമാർത്ഥമാണു്. ഞങ്ങളുടെ സമുദായത്തിലെ ചെറുപ്പക്കാരായ അദ്ധ്യാപകർ, ഞങ്ങളുടെ ദിവാൻജിയുടെ മധുരമായ പ്രസംഗം കേട്ടു് സമുദായകാര്യങ്ങളെല്ലാം മറന്നുപോകുന്നു എന്നു പറഞ്ഞു ലഘുലേഖകർ പരസ്യം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ചെയ്യ് വാറൻഹേസ്റ്റിങ്ങ്സിനെ ഇമ്പീച്ച് ചെയ്തതുപോലെ ഞങ്ങളെ അലട്ടിക്കൊണ്ടിരിക്കയാണ്. ഞങ്ങൾ സ്വന്തകാര്യംമാത്രം നോക്കാൻ വേണ്ടി ഇവിടെ വന്നിട്ടുള്ളവരാണെന്ന അവർ പറയുന്നു. അതിനെ പരിഹരിക്കാൻവേണ്ടി ഒരു മിതമായ കോട്ടാ ഞങ്ങൾക്കു തരാൻ അങ്ങേക്കു ദയവുണ്ടാകണം. അതിനു മാർഗ്ഗനിർദ്ദേശം ചെയ്യാൻ ഞങ്ങൾ തയാറില്ല. ഞങ്ങളുടെ സങ്കടങ്ങൾ ന്യായമാണെന്ന അങ്ങയ്ക്കു ബോദ്ധ്യം വന്നാൽ മാർഗ്ഗനിർദ്ദേശം ചെയ്യാൻ അങ്ങു് സമർത്ഥനാണ്. അസമർത്ഥന്മാരെ എടുക്കാതെ ഞങ്ങളുടെ ഇടയിലെ സമർത്ഥന്മാരെ എടുക്കാൻ അവിടുത്തേക്കു ദയവുണ്ടാകണം. ഡിപ്പാർട്ടുമെൻറൽ ഹെഡ്സും ഈ കാര്യത്തിൽ വേണ്ട താൽപര്യം കാണിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞങ്ങളുടെ സംഘടനയിൽ അവരുടെ ദയാദൃഷ്ടി ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞങ്ങളുടെ ന്യായമായ അവകാശങ്ങളുടെ "Window curtain" ക്രൂരമായി ന്യായം പാലിക്കണം. മാറു സമുദായങ്ങൾ ഞങ്ങളുടെ അവകാശത്തിന്റെ മാർഗ്ഗങ്ങൾ അടയ്ക്കാൻ മുതിരുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ചില ഉദാഹരണങ്ങൾ എന്റെ ഓർമ്മയിൽ വരുന്നു. അതു് ഇവിടെ പറഞ്ഞാൽ ചില വ്യക്തികളുടെ ഉദ്ദേശങ്ങൾക്കു് ചില കുഴപ്പംവരും. ൻ കൊല്ലമായി ഞങ്ങൾ സമുദായ പ്രാതിനിധ്യത്തിനുവേണ്ടി വാദിച്ചുവരുന്നു. ഞങ്ങളുടെ അസമത്വങ്ങൾ പരിഹരിക്കപ്പെടണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നു. ഞാനും മി. മാധവനും ഇവിടെ ഇന്നു പ്രസംഗിച്ചതിന്റെ അർത്ഥവും അതുതന്നെയാണ്.

MR. CHAZHIKATTU JOSEPH : ഞാൻ പ്രസംഗിച്ചതിന്റെയും അർത്ഥം അതാണ്.

MR. K R NARAYANAN : അതിനു നന്ദി പറഞ്ഞുകൊള്ളുന്നു.

ഞങ്ങളുടെ സമുദായത്തിന്റെ നില, കണക്കു പരിശോധിച്ചാൽ എവിടെയാണെന്നു കാണാം. കണക്കുകൾ പരിശോധിച്ചു ഞങ്ങളുടെ വാദമുഖങ്ങൾ ശരിയാണോ എന്നു യഥാർത്ഥത്തിൽ പരീക്ഷിച്ചു നോക്കണമെന്നു് അപേക്ഷിക്കയും ചെയ്തുകൊള്ളുന്നു. എന്റെ സ്നേഹിതൻ മി. നീലകണ്ഠന്റെ ഉപക്ഷേപം, തിരുവിതാംകൂറിലെ ൧൫ ലക്ഷം ജനങ്ങളുടെ ഏറ്റവും മിതമായ ആവശ്യം സാധിച്ചുകിട്ടുന്നതിനുവേണ്ടി, ഞാൻ ശക്തിയായി പിൻതാങ്ങുന്നു.

MR. K. A. MOHAMED : I move for closure.

The motion was put to vote and carried.

LIBRARY ARCHIVES Kerala Legislative Assembly

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: In reply to the remarks made in the House, I would invite the attention of the House to the report contained at pages 48 and 49 of the Proceedings dated the 23rd July 1945, wherein the Dewan President has stated the policy underlying the selection to and appointments in the public service. It has been stated here, now, that there is no complaint about recruitment to the Lower division. In the IntermediateDivision the principle followed by the Public Service Commissioner is this: "In the Intermediate Division the principle of apportioning the appointments for the purpose of direct recruitment is that 60 per cent. of the estimated vacancies is reserved for the best candidates in the order of merit, irrespective of communities. The remaining 40 per cent. is reserved exclusively for candidates belonging to backward and inadequately represented communities, Ezhavas being one such community." The Ezhavas are, therefore, not in a worse position than other inadequately represented communities. According to the Public Service Recruitment Rules, it is not possible, nor is it desirable, to make special provision for particular communities. In regard to recruitment for Civil Service, Rules relating to such recruitment are followed. After recruitment is made, promotions are made according to the accepted rules and canons of seniority and in certain cases, by virtue of efficiency. Without prejudice to these rules if anything could be done, it is for honourable members to point out what has not been done or what could have been done. Incidentally it may be mentioned that one or two.....

MR. M. K. NILACANTAN: രാജ്യസഭയിൽ റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇന്റർമീഡിയറ ഡിവിഷനിൽ നടന്നിട്ടുള്ള കാര്യങ്ങൾ നിയമനങ്ങളിൽ, ബ്രാഹ്മണർ ക്രിസ്ത്യൻ, ഈഴവർ ഒന്ന്, നായന്മാർ ഏഴ്-ഒന്പത് വരുവാൻ കാരണമെന്താണെന്ന പറയാമോ?

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: I have stated the method of recruitment in the Intermediate Division. Further explanation could be given later on if the member wants.

I may refer to one matter mentioned by Mr. Madhavan. The honourable member was saying that there was menace of this communal question. I was speaking earlier about village unions and how the elected members of the village unions were not able to do their work properly. I mentioned that communal consideration may not hamper village union work. It had nothing to do with appointments in the public service, much less with appointments in the Secretariat. Mention was made about the number of persons in the Secretariat. There are among the Superintendents, two from the Ezhava community out of nine places. I might also mention that the Superintendent is caderised with the Tahsildar and in the Tahsildars' grade.....

LIBRARY ARCHIVES Kerala Legislative Assembly

[Rajyasevapravina P. G. Narayanan Unnithan.]

(A Member) The Tahsildar is not in the Secretariat. We are now concerned with the superior appointments in the Secretariat, like the Assistant Secretaries, Secretaries and others.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: I am sorry that the honourable member did not follow me. I first mentioned about Superintendents and then said that the Superintendents, cadre is the same as that of the Tahsildar. The idea is that they can be interchanged at any time. There are three Ezhavas among 31 Tahsildars.

The places of Secretaries, the Excise Commissioner, the Division Peishkars are all caderised together. Interchange is possible in that cadre. The various grades among clerks were mentioned. In the Rs. 125-150 grade, there are at present two Ezhavas out of five places, in the next lower grade out of eight places, one is an Ezhava, the next lower grade has two out of thirty-four, in the next lower 10 out of 64 and in the lower grade, three out of 31; thus with a total of 18 out of 142. Apart from regular promotions, if anything particular is desired by the honourable members, they may explain to the House how it is desired. When there is adequate justification for preferential treatment, Government will not be disinclined to consider that.

Selection of certain persons was mentioned, and it was also suggested that it was because they were useful for some particular work. There is nothing more to be said about it than that appointments were made on the score of efficiency. In view of the explanation, I hope the member will withdraw his motion.

PRESIDENT: Order, order. As the discussion has taken a particular shape, it might be as well for me to restate and amplify the policy of Government. The Administrative Secretary has already stated what took place in 1945. By an agreed compact between various members representing the various communities in this House and in the Sister Chamber a certain proportion and rotation as between the various communities was arrived at. So far as Government have been able to see, that agreed compact has not been objected to or seriously complained against; so much so although last year, Government gave an opportunity to the two Houses to meet and to alter the proportions or the incidance or the policy laid down in the agreement, the two Houses did not meet and come to any decision. It is common ground that in recruitment to the lower cadre or division, the Ezhavas, according to that agreement, get their share. In regard to the Intermediate division, a certain percentage has been set apart for selection according to certain tests. 60 per cent. is given to people in that category. 40 per cent. according to certain definite proportions laid down, go to the other communities. What has today been said is with regard to the higher appointments. An intervening amidst the Ezhava claims, an honourable member not belonging to that community utilised the occasion for the purpose of pointing out how Government resorted to strategems for the purpose of nominat-

LIBRARY ARCHIVES Kerala Legislative Assembly

ing persons whom they wanted for particular purposes. That is perhaps correct. It is true that if a particular person is specially qualified to do a certain work which Government want to have done, Government will try to see how that object can be achieved. Similarly when it was necessary to find out a person who will further the very responsible and, to my mind, very formative and creative task of Labour Commissioner, which is exactly of the same status as the Secretary to Government, Government adopted that strategem, which has been so strongly advèrted upon in favour of the Ezhavas. Mr. Velayudhan had no particular claim to be chosen except the fact that he had taken interest in labour matters. Having regard to his position in his community which contributes a large proportion of the labour population of this State, Government went out of their way to give a particular training to Mr. Velayudhan and have appointed him as Labour Commissioner. His position and status is exactly the same as that of the Secretary to Government.

I can multiply such instances. In the matter of selection for foreign training, in the selection of candidates for research and other directions, Government have taken care to see that Ezhavas are encouraged and specially encouraged. I do not wish to go into details but that is a matter which my Ezhava friends in the Legislature have themselves told me and I feel sure that they do not feel that Government are averse to encouraging the legitimate claims of the Ezhava community.

There is one matter I have to say. There is no doubt,—I have myself acknowledged that freely—that during many decades past only two or three communities came into prominence in this State. One was the Brahmin community, the other was the Nair community and the third, the Syrian Christian community—the Marthomites—not the orthodox sect. Those three communities practically monopolized the services. It was a kind of see-saw. I have no reason to conceal it from anybody that according as the Dewan or according as the Chief Secretary belonged to any one community, or other, it was no doubt a fact that persons belonging to that community got better chances than other communities. When, for instance, there was a long series of Raoji Dewans, there was a large number of Raojis in services in the State. So much so was this the fact that accounts of the State were, for about fifty years, kept in Mahratti. I do not know whether honourable members are aware that accounts were used to be kept in Mahratti because of the large number of Raojis in the Secretariat. Anyway that is a fact. When, for instance, there was a Chief Secretary of a particular denomination, we find that denomination very much encouraged. It was in order to avoid all that that the Public Service Commissioner was brought in. But if you look into the Civil List, you will find that the three communities, the Brahmins, the Nairs, and the Christians are predominent in the higher ranks; the Ezhavas, the Latin Catholics and

LIBRARY ARCHIVES Kerala Legislative Assembly

[President.]

the Syrian Catholics are less represented. Stratagems might have been resorted to on particular occasions as indicated by one honourable member. But apart from stratagems, or similar special considerations or special appointments, these seniorities—unless inefficiency is demonstrated—will have preference. Therefore, at the present moment, the question depends upon this. There is no getting away from the fact that for some years these three communities will occupy a disproportionate share of the higher appointments. They are there and they cannot be dismissed.

Until the other day it could be said with a tremendous amount of justification that the backward communities had no chances to advance. But now they are advancing rapidly. In the Honours degree of the B. A., a backward community man stands at the top of the list. In other fields they are coming forward. They are vindicating themselves and justifying themselves. A time will come when the other communities will have to do the same thing. At the present moment nothing more can be done excepting to deal with special circumstances and special encouragements and special occasions. If you look at the seniority list alone, you can only prefer certain communities. It is not that the Government want such kind of thing to continue. They are not wedded to this particular community or that. It does not matter very much to Government whether it is Nair Officer that is at the top or it is a Brahmin or an Ezhava. They want their work done. There is, for instance, in the Judicial Department an Ezhava occupying a fairly high position. It is hoped that he will very soon occupy a higher position. There are other Ezhava officers to whom encouragement has been given and I hope they will vindicate themselves. But at the present moment, that difficulty exists and I hope honourable members will realise it.

The motion was, by leave, withdrawn.

PRESIDENT: Mr. Thandar's cut motion.....But before this is started, I would make an appeal to honourable members. That is a most important matter and I consider this is the main topic, *i. e.*, food control and textile control. I would invite honourable members very kindly to concentrate on any particular fault that has been found in their locality or of which they are aware so that these things may be taken note of and if there is any mistake it might be rectified. So far as I can see I find now that textile machinery cannot be produced in England for about three or four years and therefore for that period, replacements are not possible. Therefore Bombay mills cannot produce the full quantity of the textiles necessary. Therefore, it is necessary that textile control must continue for some time. If there are any mistakes made I would like to have them corrected. I will not deprecate general observations, but if honourable members can give specific instances, in particular localities it would be of the greatest assistance to Government.

LIBRARY ARCHIVES Kerala Legislative Assembly

MR. KARUNAKARA THANDAR (*Ambalapuzha cum Shertalla*): Sir, I beg to move.

"To reduce the allotment of Rs. 5,03,972 for General and Revenue Secretariat by Re. 1,"

സർ, രണ്ടു കാര്യങ്ങളാണ് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഈ മോഷൻകൊണ്ട് ഉദ്ദേശിക്കുന്നത്. ഒന്ന് ആ ഫാമിലും, മറ്റേത് വസ്തുവും. സംസ്ഥാനത്തുള്ള എല്ലാ സ്ഥലങ്ങളിലും ഒരേതരത്തിൽ ഭക്ഷ്യധാന്യങ്ങൾ കൊടുക്കുവാൻ ഓർഡർ ഇട്ടിട്ടുണ്ട് എന്ന് അങ്ങു പറഞ്ഞു. എന്നാൽ ഓരോ താലൂക്കിലും ഓരോ തരത്തിലുള്ള വിതരണമാണ് ഇപ്പോൾ നടന്നുവരുന്നത് എന്നു പറയേണ്ടിവരുന്നതിൽ എനിക്ക് ഖേദമുണ്ട്. ഫുഡ് കമ്മിറ്റികൾ നിലവിലിരിക്കുന്ന താലൂക്കുകളിലാകട്ടെ പറയത്തക്ക യാതൊരു പ്രവർത്തനവും നടത്തുന്നില്ല എന്നാണ് ഞാൻ അറിയുന്നത്. അതിനാൽ ആ കമ്മിറ്റികളെ മാറ്റി പുതിയ കമ്മിറ്റികൾ തിരഞ്ഞെടുത്ത് അവർ നടത്തുന്ന പ്രവർത്തനങ്ങളും കമ്മിറ്റി റിപ്പോർട്ടുകളും അതാതവസരങ്ങളിൽ ഗവണ്മെൻറിന്റെ അറിവിനു വേണ്ടി അയയ്ക്കുവാൻ ഏർപ്പാട് ചെയ്യുന്നത് കുറച്ചുകൂടി പ്രയോജനകരമായിരിക്കും. അങ്ങനെ ഉണ്ടാകുന്ന കമ്മിറ്റികൾ ജനകീയമായിരിക്കുകയും ചെയ്യുമല്ലോ.

അടുത്തതായി എനിക്കു പറയുവാനുള്ളത് ടെക്സ്റ്റയിലിനെപ്പറ്റിയാണ്. ടെക്സ്റ്റയിൽ ഇൻസ്പെക്ടറന്മാരായി ഓരോ ഡിവിഷനിലും ഓരോ ഇൻസ്പെക്ടരെവീതമാണ് ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ളത്. വിശേഷാൽ ഉള്ള കല്ല്യാണം, മരണം തുടങ്ങിയുള്ള അടിയന്തിരാവശ്യങ്ങൾക്കുംമറും ടെക്സ്റ്റയിൽ ഇൻസ്പെക്ടരിൽ നിന്നും ചിറ്റ വാങ്ങിയാണ് അക്കാര്യങ്ങൾ സാധിക്കേണ്ടത്. ഞങ്ങളുടെ ഡിവിഷനിലാണെങ്കിൽ കൊല്ലത്താണ് ടെക്സ്റ്റയിൽ ഇൻസ്പെക്ടർ താമസിക്കുന്നത്. കൊല്ലത്തു നിന്നും ഒരു മൈൽ അകലെ അത്തിക്കാറിയിൽ ഉള്ള ഒരു വീട്ടിൽ ഒരു മരണം ഉണ്ടാകുകയോ അല്ലെങ്കിൽ ഒരു വിവാഹമുണ്ടാകുകയോ ചെയ്യുന്നുണ്ടെങ്കിൽ ഏതു വിധത്തിലാണ് ടെക്സ്റ്റയിൽ ഇൻസ്പെക്ടരെ കണ്ടു ചിറ്റ വാങ്ങി ആ കാര്യം സാധിക്കുന്നത്. അതിനാൽ അതിനെപ്പറ്റി എനിക്കു പറയുവാനുള്ളത് നിവർത്തിയുള്ളിടത്തോളം, താലൂക്ക് കമ്മിറ്റി പ്രസിഡൻറുമുഖം ഈ മാതിരി അവശ്യങ്ങൾ നിറവേറുകയോ അല്ലാത്തപക്ഷം അതാതു താലൂക്കുകളിലുള്ള തഹശീൽദാരന്മാർക്ക് ഈ അധികാരംകൂടി കൊടുക്കുകയോ ചെയ്താൽ ഗവണ്മെൻറുദ്ദേശിക്കുന്ന രീതിയിലുള്ള പ്രയോജനം ജനങ്ങൾക്കുണ്ടാകും എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. BALAKRISHNA MENON: In supporting the motion before the House, I have to make a few observations relating to the quantity and qualtty of the rice supplied in our part of the State. Just today two of my friends and myself have received a packet of rice which had been distributed in the Parur taluk this week. I do not think that this rice is fit for human consumption. A sample has been given to the Director of Food Supplies for his investigation.

PRESIDENT: When was that?

MR. K. BALAKRISHNA MENON: Today.

PRESIDENT: Is it supplied at Parur?

MR. K. BALAKRISHNA MENON: Yes.

PRESIDENT: Is that part of the consignment that we just received, Mr. Narayana Aiyar?

MR. K. R. NARAYANA AIYAR: No, Sir. That is the consignment we recently had from Burma.

PRESIDENT: It appears that it is the consignment that we recently had from Burma.

MR. K. BALAKRISHNA MENON: In my opinion, this rice is not good for human consumption.

PRESIDENT: That sample of rice will be sent to the Director of Public Health and if it is found to be unfit for human consumption we will take steps to reject the whole of that stuff. It would be of great advantage if this kind of thing were brought to the notice of Government, because in certain cases we were able to reject certain samples which were found to be very bad. Sind, for instance, in the early days of this control, sent us particularly bad rice and they declined to accept that it was below par in quality, but we made certain representations and were able to get some relief. Honourable members may send samples of bad rice distributed and we will make our representations to the Government of India.

MR. K. BALAKRISHNA MENON: You have said that 100 per cent of rice is being distributed. But, we are sorry to note that we are getting only 80 per cent of the rice allotted to other parts. There was a week in which people at Parur, excepting the town of Parur, got only 60 per cent of rice. This thing also I have told the Director today and he has given me to understand that he has issued the remaining 20 per cent to be distributed there.

Next, regarding textiles, I have to say that the goods that have been issued to be distributed among the people is of a very low quality and low in quantity. I may suggest here a method by which the rush in the shops may be relieved. A certain number of cards, that is up to a certain number of cards alone should be supplied with clothes during the first month. These cards should not be taken up the next month, when the supply should be made to the next set of cards. This seems to me to be a good method which will relieve a lot of rush in the ration shops, which usually ends in fights.

LIBRARY ARCHIVES Kerala Legislative Assembly

Another fact that I wish to bring to the notice of Government is that the supply of textiles to the people of the various pakuthies in the Kunnathunad Taluk is made from the towns of Perumbavoor and Alwaye. I have more than once informed the Textile Commissioner of this. The nearest distance from any one of these villages to Alwaye is four miles and the longest is twenty miles. I cannot understand how these poor people can walk all the distance to the town of Alwaye to get their clothes, which can be got only after long waiting and short fights. More than once this matter was brought to the notice of the Textile Commissioner. But all my letters to the Textile Commissioner, I am waiting to hear from him in reply.....

RAO SAHIB A. K. BHASKAR : Is there no taluk committee?

MR. K. BALAKRISHNA MENON : Till last month there was no properly constituted taluk committee.

MR. E. K. MADHAVAN : Who is the President?

MR. K. BALAKRISHNA MENON : I happen to know that it is the Tahsildar of the taluk.

MR. E. K. MADHAVAN : Is he elected or nominated?

MR. K. BALAKRISHNA MENON : I understand that he has nominated himself as the President?

The pakuthy of Trikakara is a pakuthy which has never been supplied with clothes. The Textile Commissioner had not even the courtesy to reply to my letters refering to that matter. I would request you, therefore, to see that adequate supplies are made in my constituency.

MR. R. MADHAVAN NAIR : I have sent in a cut motion to discuss the control of food supplies.

PRESIDENT : Where is that?

MR. R. MADHAVAN NAIR : There is a supplemental list. My motion is the seventh.

PRESIDENT : It is under the motion for total allotment. We are now ..... Order, order. Honourable members will see that we are now at page 5 of the motions relating to the General and Revenue Secretariat to discuss about food and textile control. The supplemental motions will come at the end. I will not omit to call the honourable member because I propose to call everybody one after another. Mr. E. K. Madhavan will now speak.

MR. E. K. MADHAVAN : മി: കരുണാകരനണ്ണൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഏറ്റവും പ്രധാനമായഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. മനുഷ്യന്, അതായത് പൊതുജനങ്ങൾക്ക് അവശ്യം ആവശ്യമായിരിക്കുന്ന രണ്ടു സംഗതികളെപ്പറ്റി പ്രതിപാദിക്കുന്നതിനാണ് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഒന്ന് ഭക്ഷണം, രണ്ട് വസ്ത്രം. ഭക്ഷണകാര്യത്തെപ്പറ്റി പറഞ്ഞാൽ മിക്ക സ്ഥലങ്ങളിലും നൂറു ശതമാനവും കൊടുക്കുന്നില്ല. ഞാൻ പ്രത/

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan.]

നിധീകരിക്കുന്ന സ്ഥലത്തെപ്പറ്റി പറയുകയാണെങ്കിൽ റേഷൻ മുഴുവനും കൊടുക്കണമെന്ന് ഗവണ്മെൻറ് നോട്ടിഫിക്കേഷൻ ഉണ്ടെങ്കിലും വ്യ ശതമാനമാണ് അവിടെ കിട്ടുന്നത്. നൂറു ശതമാനം സാധനങ്ങളും ഗവണ്മെൻറ് കൊടുത്തിട്ട് എന്തുകൊണ്ടാണ് വ്യ ശതമാനം ഞങ്ങൾക്കുകിട്ടുന്നത് എന്നറിഞ്ഞുകൂടാ. ഇതിനെപ്പറ്റി തഹശിൽദാരോട് ചോദിച്ചാൽ വ്യ ശതമാനമാണ് ഗവണ്മെൻറിൽ നിന്നും കൊടുക്കുന്നത് എന്നാണ് അദ്ദേഹം പറയുന്നത്. ഇങ്ങനെ വ്യ ശതമാനം കിട്ടുമ്പോൾ അതുതീർന്നു, ബാക്കി ദിവസം പട്ടിണികിടക്കേണ്ടതായി വരുന്നു. ഇതുപോലെ ഞങ്ങളുടെ കുന്നത്തുനാട് താലൂക്കിൽ വഴാനല്ലൂർ പകുതിയിൽ ഉദ്ദേശം ൧൫൦൦ വീട്ടുകാർക്ക് ആഹാരസാധനങ്ങൾ ഇല്ലാതെ കിടക്കേണ്ടിവന്നു എന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ. അവിടത്തെ തഹശിൽദാർക്ക് ഒരു പ്രത്യേക കച്ചവടക്കാരനു കൊടുക്കണമെന്നുള്ള ഉദ്ദേശം ഉണ്ടായിരുന്നതുകൊണ്ട്, വിതരണത്തിനു പുതിയകച്ചവടക്കാരനു കൊടുക്കുകയില്ലെന്നും ഓർഡർ അനുസരിച്ച് കാർഡ് രജിസ്റ്റർ ചെയ്തിട്ടില്ലെന്നു പറഞ്ഞു ഭക്ഷണസാധനങ്ങൾ കൊടുക്കാതെ ൧൫൦൦-ൽ ചിലപ്പോൾ വീട്ടുകാരെ ബുദ്ധിമുട്ടിക്കുകയാണ് ചെയ്തത്. ഈമാതിരി വൈഷമ്യങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെന്നും ഞങ്ങളുടെ നാട്ടിൽ വന്നിരിക്കുന്ന അരി മനുഷ്യർക്ക് ഉപയോഗിക്കാൻകൊള്ളാത്തവിധം അത്ര ചീത്തയാകയാൽ ആ അരി ഞങ്ങളുടെ നാട്ടുകാരെക്കൊണ്ടു ഭക്ഷിപ്പിക്കാതെയിരിക്കണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

MR. VARKALA K. MADHAVAN :അരിയിൽ ഉള്ള തകരാറ് എന്താണ്?

MR. E. K. MADHAVAN : തകരാറ് ഒന്നുമില്ല. കണ്ടാൽ അരി എന്നതന്നെ പറയും. എന്നാൽ അതു് ഭക്ഷണം കഴിക്കാൻ കൊള്ളുകയില്ല. അത്ര ഉപയോഗശൂന്യമാണ്. ഈ തരം അരി ഞങ്ങളുടെ ഏറ്റവും അടുത്ത സംസ്ഥാനമായ കൊച്ചിയിൽ കൊടുക്കുന്നു എന്നും അതിന് രണ്ടര അണയാണ് വിലയെന്നും അറിയുന്നു. എന്നാൽ ആ അരി, തിരുവിതാംകൂറിൽ ആറര അണ വിലയാണ്. ആ അരി മനുഷ്യന് ആഹാരം കഴിക്കാൻ കൊള്ളുകയില്ലെന്നു പറയാൻ ഞാൻ തയാറാണ്. പിന്നെ വല്ല കന്നുകാലികൾക്കോ മറ്റോ കഞ്ഞിവച്ചു കൊടുക്കാനാണെങ്കിൽ നല്ലതു്.

MR. V. I. IDICULLA : ആ അരി ആനയ്ക്ക് കൊടുക്കാൻ കൊള്ളാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. E. K. MADHAVAN : ഞാൻ ആനയെ വളത്തിയിട്ടില്ലാത്തതു കൊണ്ട് അതിന്റെ കാര്യം അറിഞ്ഞുകൂടാ. ഇനി എനിക്കു പറയാനുള്ളത് ടെക്സ്റ്റയിലിനെപ്പറ്റിയാണ്. ടെക്സ്റ്റയിൽ കമ്മറ്റിയെപ്പറ്റി പറഞ്ഞാൽ ഓരോ താലൂക്കിലും ടെക്സ്റ്റയിൽ കമ്മിറ്റിമുഖേനയാണ് വിതരണം നടത്തിക്കൊണ്ടിരുന്നതു്. ടെക്സ്റ്റയിൽ കമ്മിറ്റി പിരിച്ചുവിടുന്നതിനെപ്പറ്റി സെൻട്രൽ കമ്മിറ്റി പ്രമേയം പാസ്സാക്കുകയും അതു് ഗവണ്മെൻറ് അംഗീകരിക്കുകയും ചെയ്തുവെങ്കിലും അതിന് അവിടെ ഇതുവരെ നടപടി എടുത്തിട്ടില്ലായെന്നാണ് തോന്നുന്നതു്. ഇതിനു മുൻപ് ഓരോ താലൂക്കിലും കോട്ടാ അനുസരിച്ച് വരുന്ന തുണിയിൽ നിന്നും അതാതു താലൂക്കുകമ്മിറ്റി പ്രസിഡൻറു മുഖേന അത്യാവശ്യക്കാർക്ക് ആവശ്യത്തിനു കൊടുക്കുന്ന പതിവു് ഉണ്ടായിരുന്നു. എന്നാൽ സെൻട്രൽ കമ്മിറ്റിയിലെ നിർദ്ദേശപ്രകാരം താലൂക്കുകമ്മിറ്റിയുടെ നിർദ്ദേശം സ്വീകരിക്കാതെ ആ വിവരം ടെക്സ്റ്റയിൽ ഇൻസ്പെക്ടർക്ക് കൊടുക്കുകയാണ് ചെയ്തതു്. ടെക്സ്റ്റയിൽ ഇൻസ്പെക്ടരെപ്പറ്റി പറഞ്ഞാൽ ഞങ്ങൾക്കു ഞങ്ങളുടെ ഡിവിഷനിൽ കോട്ടയത്താണ് ഒരു ടെക്സ്റ്റയിൽ ഇൻസ്പെക്ടർ ഉള്ളതു്. അദ്ദേഹത്തിന് എഴുതിയയച്ചാൽ തന്നെയും ആവശ്യക്കാർക്ക് ശരിയായി കൊടുക്കുന്നില്ലാ എന്നാണ് അറിയുന്നതു്.

ഇതു് ഞാൻ പറയുന്നതിന് പ്രത്യേകം കാരണമുണ്ടു്. അദ്ദേഹം പൗരദ്ധാന്യത്തിലൊ മറ്റോ പ്രസിദ്ധപ്പെടുത്തിയിരുന്നു, ഇത്തരം അപേക്ഷകരും ഇന്നയിന്ന ആളുകളെ കൊണ്ടു സർട്ടിഫൈ ചെയ്താൽമാത്രമേ അനുവദിച്ചുതരുകയുള്ളൂ എന്നു്. അതു് എസ്സ്. എൻ. ഡി പി. യോഗത്തിലെ ഒരു സെക്രട്ടറിയോ അല്ലെങ്കിൽ, ക്രിസ്ത്യാനികളെ സംബന്ധിച്ചാണെങ്കിൽ, അവരുടെ ഇടവകയിലെ പാതിരിയോ സർട്ടിഫൈ ചെയ്താൽ പോരാ. ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ തന്നെ സാക്ഷിപ്പെടുത്തണം.

PRESIDENT: What is the idea?

MR. E. K. MADHAVAN: About the issue of special chits for marriages, funerals etc.

ടെക്സ്റ്റയിൽ ഇൻസ്പെക്ടർ അവർകൾക്കു ഇങ്ങനെയെല്ലാം പറയാമെങ്കിലും സാധാരണക്കാരനായ ഒരുത്തന് ഒരു ഗസറ്റഡ് ആഫീസ്സറെ അന്വേഷിച്ചു പോകുന്നതുതന്നെ അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരിൽ പലരേയും അന്വേഷിച്ചു് കോട്ടയത്തും മറ്റും അലഞ്ഞു തിരിഞ്ഞു സർട്ടിഫിക്കേറ്റു വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan.]

മുണ്ടുവാങ്ങുന്നതിനു് സാധിക്കാതെവരുന്നുണ്ടു്. അതുകൊണ്ടു് ആ ഏപ്പാടു നിറുത്തി ഓരോ സ്ഥലത്തും തുണികൾ വിതരണം ചെയ്യുന്നതിനു ഒരു ചെറിയ കോട്ടയെങ്കിലും അനുവദിച്ചുകൊടുക്കണമെന്നു അപേക്ഷിക്കുന്നു.

RAJYASEVAPRAVINA P. G. NARAYANAN UNNITHAN: May I request the member to make any suggestion in regard to this?

MR. E. K. MADHAVAN: Yes, Sir.

പഴയതുപോലെ തുണി വിതരണംചെയ്യുന്ന ജോലി താലൂക്കുകമ്മിറിക്കുക്കു വിട്ടുകൊടുക്കുകയാണു് നല്ലതു്.

കച്ചവടക്കാരുടെ ലിസ്റ്റ് താലൂക്കുകമ്മിറി മുഖാന്തിരം അയച്ചുകൊടുക്കുന്ന ഒരു ഏർപ്പാടുണ്ടായിരുന്നു. അങ്ങിനെ ചെയ്യണമെന്നാണു് ഇവിടെ കൂടിയ സെൻട്രൽ കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതും. ആ തീരുമാനത്തെ അവഗണിച്ചുകൊണ്ടു് ഇപ്പോഴത്തെ ടെക്സ്റ്റയിൽ കമ്മീഷണർ അവർകൾ ഓരോ കച്ചവടക്കാർക്കും പ്രത്യേകം ഓർഡറുകൾ അയച്ചിട്ടുണ്ടെന്നു അറിയുന്നു. താലൂക്കു കമ്മിറ്റിയെ അറിയിക്കാതെ ഇങ്ങനെ കച്ചവടക്കാർക്കു ഓർഡറുകൾ അയച്ചതു കമ്മിറ്റിയോടുചെയ്യുന്ന അക്ഷന്തവ്യമായ ഒരപരാധമാണെന്നു ഞാൻ നിസ്സംശയം പറയുന്നു. ഇവിടെ ടെക്സ്റ്റയിലിനു ഒരു സെൻട്രൽ കമ്മിറ്റിയുണ്ടു്. ഒരു ഫുഡ അഡ്വൈസറി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടു്. ഈ കമ്മിറ്റികളുടെ ഉപദേശാനുസരണം ആഹാരവും വസ്ത്രവും വിതരണം ചെയ്യുന്ന കാര്യം ഗവണ്മെൻറു് വേണ്ടപോലെ നിഷ്കർഷ ചെയ്യുന്നില്ലെന്നു പറയാതെ തരമില്ല. ഈ കമ്മിറ്റികളിൽ ചെയ്യുന്ന തീരുമാനങ്ങൾക്കു വിപരീതമായിട്ടാണു് ഇപ്പോഴത്തെ ടെക്സ്റ്റയിൽ കമ്മീഷണർ പ്രവർത്തിച്ചുവരുന്നതു്. ഒരു ഉദാഹരണം പറയാം. എല്ലാ കച്ചവടക്കാരുടേയും ലിസ്റ്റ് താലൂക്കുകമ്മിറ്റിയിൽ നിന്നും തയ്യാറാക്കി അവരുടെ നിർദ്ദേശമനുസരിച്ചു മാത്രം കച്ചവടക്കാർക്കു തുണി വിതരണം ചെയ്യണമെന്നാണു് സെൻട്രൽ കമ്മിറ്റിയിൽവച്ചു് ചെയ്ത തീരുമാനം. ആ തീരുമാനത്തെ ഇപ്പോഴത്തെ ടെക്സ്റ്റയിൽ കമ്മീഷണർ നിരസിച്ചിരിക്കുന്നു. അദ്ദേഹം ഈയിടെ അയച്ച ഒരു ഓർഡർ ഞാൻ ഇവിടെ വായിക്കാം.

> "I am forwarding herewith the list of merchants to whom quota of mill cloth has been allotted this time. A copy of the instructions issued to the merchants is also enclosed. The Committee is requested to supervise the sale. It may kindly be noted that chits should be issued only to persons who do not possess ration cards for food grains and should make mention of units only and not the quantity or quality of cloth. No reservation need be made with any merchant for any speeial supply".

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റ മാത്രമേ എഴുതാൻ പാടുള്ളൂ എന്നു പറയുന്നു. യൂണിറ്റ് എന്നുവച്ചാൽ എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഒരു യൂണിറ്റ് ഉള്ളവന് എത്ര തുണി കൊടുക്കണമെന്ന് ഈ ആർഡറിൽ നിർദ്ദേശിച്ചിട്ടില്ല. മാത്രമല്ല, ഇപ്പോഴത്തെ എർപ്പാട് കച്ചവടക്കാക്ക് തുണി വിതരണംനടത്തിക്കഴിഞ്ഞയുടൻതന്നെ അവരുടെ ഇഷ്ടംപോലെ ആ തുണികൾ മുഴുവനും മിക്കവാറും വിറ്റഴിക്കുന്നതിനു സഹായിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ കച്ചവടക്കാക്ക്, താലൂക്കുകമ്മിറ്റിയെ അറിയിക്കുന്നതിനു മുൻപുതന്നെ തുണി വിതരണം നടത്തുന്നു. അതായത് അവക്കുള്ള ആർഡർ ടെക്സ്റ്റയിൽ കമ്മീഷണർ അവക്ക് നേരിട്ടു നൽകുന്നു. ഈ വിവരം തൽസമയത്തു താലൂക്കുകമ്മിറ്റി അറിയുന്നില്ല. ഉടൻതന്നെ കച്ചവടക്കാക്ക് ആർഡറിൻപ്രകാരമുള്ള തുണികൾ ഹോൾസെയിൽ കച്ചവടക്കാരുടെ പക്കൽനിന്നും വാങ്ങി താലൂക്കുകമ്മിറ്റിക്കാരുടെ പരിശോധന വരുന്നതിനു മുൻപുതന്നെ വിറ്റഴിക്കുകയുംചെയ്യാം. ടെക്സ്റ്റയിൽ അസിസ്റ്റന്റ് കമ്മിറ്റിയുടെ അഭിപ്രായംതാലൂക്കുകമ്മിറ്റി പ്രസിഡന്റിന്റെ അറിവോടുകൂടി മാത്രമേ കച്ചവടക്കാക്ക് ആർഡർ അയക്കാവൂ എന്നായിരുന്നു. എന്നാൽ എന്തു കാരണത്താലോ പുതിയ കമ്മീഷണർ അതു ലംഘിക്കുകയാണ് ചെയ്തത്. അങ്ങനെയതിനു അതിനു പ്രത്യേകം കാരണമുണ്ടായിരിക്കാം. ഏതായാലും അതേപ്പറ്റി കൂടുതലായി ഒന്നും ഞാൻ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

ടെക്സ്റ്റയിലിനെ സംബന്ധിച്ചായാലും കൊള്ളാം, ആഹാരത്തെ സംബന്ധിച്ചായാലും കൊള്ളാം ഇന്നത്തെ വിതരണസംപ്രദായം പാടെ ഒന്നു പരിഷ്കരിക്കേണ്ടതു് അവശ്യമാണ്. താലൂക്കുകമ്മിറ്റിയാകട്ടെ, ഓരോ താലൂക്കുകളിലും രൂപീകരിച്ചിട്ടുള്ള ഫുഡ് അസിസ്റ്റന്റ് കമ്മിറ്റിയാകട്ടെ ഇപ്പോൾ ക്രിയാത്മകമല്ലെന്നാണ് എന്റെ അഭിപ്രായം.

MR. K. BALAKRISHNA MENON : കുന്നത്തുനാട്ടു താലൂക്കിലെ കമ്മിറ്റി ക്രിയാത്മകമല്ലെന്നു മെമ്പർക്കറിയാമോ ?

MR. E. K. MADHAVAN : അവിടെ ഒരു ഫുഡ് അസിസ്റ്റന്റ് കമ്മിറ്റി ഉണ്ടെന്നറിയാം. എന്നാൽ അതു ശരിക്കു ക്രിയാത്മകമാണോ എന്നെനിക്കു നിശ്ചയമില്ല. കുന്നത്തുനാട്ടു താലൂക്കിലെ തഹശീൽദാരുടെ അദ്ധ്യക്ഷതയിലാണ് അവിടെ ഈ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നതു്. ഒരു ദിവസം ആ കമ്മിറ്റിയുടെ ഒരു യോഗം കൂടുന്നുണ്ടെന്നു അദ്ദേഹം എന്നോടു പറഞ്ഞു. എന്നാൽ അതിനെപ്പറ്റി എനിക്കു എഴുത്തു കിട്ടിയിരുന്നില്ല. ഉടൻതന്നെ ഒരു ഫോൺ ചെയ്യുവാനുദ്ദേശിക്കുന്നുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan.]

അദ്ദേഹം പറഞ്ഞു. ഞാൻ ഉടൻ തന്നെ അഞ്ചലാഫീസ്സിൽ പോയി ഫോണിൽ വിളിച്ചു ചോദിച്ചതിൽ കുറച്ചു സമയം കഴിഞ്ഞതിനശേഷം, അവിടത്തെ ഒരു സൂപ്പർവൈസരിൽനിന്നാണെന്നു തോന്നുന്നു, ഇല്ലായെന്ന് അറിവു കിട്ടി. എന്നാൽ വൈകിട്ട് ഏകദേശം അഞ്ചര മണി ആയപ്പോൾ അന്നു അവിടെ മീറ്റിംഗ് നടക്കുന്നുണ്ടെന്നുള്ള വിവരം എന്നെ അറിയിച്ചു. പെരുമ്പാവൂരിൽ നടക്കുന്ന മീറ്റിംഗിന്, ഏതാണ്ടു മിനിട്ടുകൾക്കു മുമ്പു മാത്രം, അവിടെ നിന്നും ഏകദേശം നാലഞ്ചു മൈൽ അകലെ ഇരിക്കുന്ന എന്നെ ഹാജരാകുവാനായി ക്ഷണിക്കപ്പെട്ടാൽ ഞാൻ എന്താണ് ചെയ്യുക.

PRESIDENT: Did the honourable member object to that kind of procedure?

MR. E. K. MADHAVAN: Sir, I along with many other honourable friends objected to it, but it was stated that it was only a clerical mistake and he denied responsibility.

അടുത്ത ദിവസംതന്നെ താലൂക്കുകമ്മിറ്റി വിളിച്ചുകൂട്ടുകയും ആ കമ്മിറ്റിയിൽ ഇതിനെപ്പറ്റി പ്രസ്താവിക്കുകയും ചെയ്തു. തഹശിൽദാർ അവർകൾ ഇക്കാര്യത്തിൽ അവിടെവച്ച് ക്ഷമായാചനം ചെയ്യുകയുണ്ടായി.

സർ, ഈ തഹശീൽദാരെപ്പറ്റി വേറൊരു കാര്യം അങ്ങയെ എനിക്കു അറിയിക്കുവാനുണ്ട്. കുന്നത്തുനാട്താലൂക്കിൽ കുന്നത്തുനാട് പകുതിയിൽ ഞാല്ലൂർ എന്ന കരയിലെ ഏകദേശം ൧൪൦ വീട്ടുകാരെ ഒരു ദിവസത്തോളം പട്ടിണിക്കിട്ട ഒരു ഉദ്യോഗസ്ഥനാണ് അദ്ദേഹം. ഇപ്പോഴത്തെ പുതിയ വ്യവസ്ഥമൂലം അവിടെ ഇതിനുമുമ്പു റേഷൻ വിറ്റുകൊണ്ടിരുന്ന കച്ചവടക്കാരനു തുടർന്നു വിൽപ്പന നടത്താൻ നിവാഹമില്ലാതെ വന്നു. പുതിയ കച്ചവടക്കാരനെ ഏർപ്പാട് ചെയ്തതുമില്ല. ജനങ്ങൾ പട്ടിണിയായി. ഈ വിവരം ഞാനും എന്റെ സ്നേഹിതൻ മി. തോമസുംകൂടി തഹശീൽദാരെ അറിയിക്കുകയും അദ്ദേഹം വേണ്ടതു ചെയ്യാമെന്ന് അപ്പോൾ മറുപടി പറയുകയും ചെയ്തു. എന്നാൽ രണ്ടു ദിവസത്തേക്ക് അദ്ദേഹം ഒന്നുംചെയ്തില്ല. മൂന്നാംദിവസം അതിനെപ്പറ്റി അദ്ദേഹം വളരെ കാര്യമായി പര്യാലോചിച്ചുവരുന്ന എന്നുള്ള മറുപടിയാണ് എനിക്ക് അയച്ചുതന്നത്. ഈ വിവരം അന്നു ഒരു ഫുഡ് അഡ്വൈസറിയോഗത്തിനു ഹാജരാകുന്നതിനായി വന്നിരുന്ന മി. തോമസിനേയും മി. പാറം തളിയത്തിനേയും അറിയിക്കുകയും അവർ പേഷ്കാരെ കണ്ടു ഇതേപ്പറ്റി സംസാരിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും ചെയ്തതിന്റെ ഫലമായി പേഷ്കാർ ഇതേപ്പറ്റി ഫോൺചെയ്തു ചോദിക്കുകയും ശരിയാണെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം വേറൊരു കച്ചവടക്കാരനെ റേഷൻവിൽക്കുന്നതിനായി ചുമതലപ്പെടുത്തുകയും അങ്ങനെ അവിടത്തെ പട്ടിണി പരിഹരിക്കപ്പെട്ടുകയുമാണു ഉണ്ടായതു്. ഈ മാതിരിനടപടികൾ ഇനിമേലെങ്കിലും ഉണ്ടാകാതെ സൂക്ഷിക്കേണ്ടതു വളരെ അത്യാവശ്യമാണു്. ഒരിക്കൽ മൂന്നരനാഴി അരിയും ഒരു നാഴി ഗോതമ്പും കൊടുക്കണമെന്നു ഒരു പ്രസ്നോട്ടു ഉണ്ടായി. ആ പ്രസ്നോട്ടു അനുസരിച്ചു് എല്ലാവരും തങ്ങൾക്കു മൂന്നരനാഴി അരിയും നാഴി ഗോതമ്പും കിട്ടുമെന്നും അതുകൊണ്ടു് ഏറെക്കുറെ സുഖമായി ആഹാരം കഴിക്കാമെന്നും ആശിച്ചിരുന്നു. പക്ഷേ കടയിൽ ചെന്നപ്പോൾ മുന്നാഴി അരിയും നാഴി ഗോതമ്പുമാണു കിട്ടിയതു്. പ്രസ്നോട്ടു അനുസരിച്ചു് പ്രവർത്തിക്കാത്തതു തഹശീൽദാരുടെ അനാസ്ഥകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം കണക്കുകൾ ഞങ്ങളെ കാണിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തിനു് പ്രത്യേകമൊരു സർക്കുലർ കിട്ടിയിട്ടുണ്ടെന്നും അതനുസരിച്ചാണു് ഇങ്ങിനെ വിതരണം നടത്തുന്നതെന്നും അദ്ദേഹം എന്നോടു പറഞ്ഞു.

PRESIDENT: What kind of circular?

MR. E. K. MADHAVAN: ഇവിടെ സാധാരണ രണ്ടുതരം സർക്കുലർ കൾ ഉണ്ടെന്നാണു അറിയുന്നതു്. രഹസ്യമായിട്ടും പരസ്യമായിട്ടും സർക്കുലറുകൾ പ്രത്യേകം പ്രത്യേകം അയയ്ക്കുന്നുണ്ടു്.

PRESIDENT: I would like to know if there is any "Rahasia" or secret circular. I am not aware of any such.

MR. E. K. MADHAVAN: സർ, ഞാൻ അതിനു ഒരു ദൃഷ്ടാന്തം പറയാം. കുറെക്കാലത്തിനു മുൻപു് അരുപതു ശതമാനം ആഹാരസാധനങ്ങൾ വിതരണം ചെയ്യാൽ മതിയെന്നു ഗവണ്മെൻറിൽനിന്നും ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു എന്നാണു് എന്റെ അറിവു്. ആ സർക്കുലർ പുറപ്പെടുവിക്കുന്നതിനു മുൻപു് എല്ലാവർക്കും മുഴുവൻ റേഷനും കൊടുക്കുന്നതാണെന്നു ഗവണ്മെൻറു് ഒരു പ്രസ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു കഴിഞ്ഞു രണ്ടുദിവസത്തിനുശേഷം ആണു് ഞാൻ മുൻ പറഞ്ഞമാതിരി അരുപതു ശതമാനമാക്കി കുറച്ചുകൊണ്ടുള്ള സർക്കുലർ വന്നതു്. അങ്ങനെയിരിക്കുമ്പോൾ അവിടത്തെ തഹശീൽദാർ സ്ഥലം മാറിപ്പോകയും പകരം ഡിപ്പൂട്ടി തഹശീൽദാർ ചാർജ്ജു എടുക്കുകയും ചെയ്തു. അദ്ദേഹം അരുപതു ശതമാനം കൊടുക്കാൻ പാടില്ല, മറ്റ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan.]

ശതമാനം മാത്രമേ കൊടുക്കുവൂ എന്നു പട്ടം കെട്ടുകയും അങ്ങിനെ കായ്ക്കും മുമ്പുകൂടി വഷളാക്കുകയും ചെയ്തു. ആ വിവരം അന്നത്തെ പേഷ്കാരായിരുന്ന മി. രാമാദരനാശാനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സർ, അങ്ങു് ആലുവായിൽ വന്നസമയത്തു് അങ്ങയോടും ഈ വിവരം ഞാൻ പറഞ്ഞിട്ടുണ്ടു്. ഇപ്പോഴും അതു അങ്ങേക്കു് ഓർമ്മയുണ്ടായിരിക്കുമെന്നു ഞാൻ കരുതുന്നു. ഇങ്ങനെ മാറി മാറി സർക്കുലറുകൾ വരുന്നതു പരസ്യമായിട്ടാണോ രഹസ്യമായിട്ടാണോ എന്നു മി. ആശാനോടുതന്നെ ചോദിക്കുകയാണു് നല്ലതു്. ഒരിക്കൽ പരസ്യമായി ഒരു സർക്കുലർ അയയ്ക്കുക അതിനു വിപരീതമായി പിന്നെ പ്രവർത്തിക്കുക ഇങ്ങനെ രണ്ടു തരത്തിൽ അനുഭവം കാണുമ്പോൾ ആളുകൾ ഉൽക്കണ്ഠാകുലരാകുന്നതിൽ അത്ഭുതം ഇല്ല. ഏതായാലും ഒരു യൂണിറ്റിനു മുതൽ അളവു ധാന്യം വിതരണം ചെയ്യുന്നതാണെന്നു ഗവണ്മെൻറു ഖണ്ഡിതമായി തീരുമാനിക്കുകയും ആ വിവരം കാലേക്കൂട്ടി എല്ലാ പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും അതനുസരിച്ചു് പ്രവർത്തിക്കുവാൻ ഉദ്യോഗസ്ഥന്മാരെ പട്ടംകെട്ടുകയും ചെയ്യേണ്ടതു വളരെ അത്യാവശ്യമാകുന്നു.

സർ, ഒരു കായ്ക്കുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം.

വ ൈ ശതമാനം മാത്രമേ കൊടുക്കുന്നുള്ളു എന്നു പറയുന്നതിൽ തഹശീൽദാർ പറയുന്ന സമാധാനംകൂടി ഞാൻ അങ്ങയെ അറിയിച്ചുകൊള്ളട്ടെ. ഫ ൦ ൦ കുടുംബക്കാർ ഉണ്ടെങ്കിൽ വ ൦ കുടുംബക്കാർ മാത്രമേ റേഷൻ വാങ്ങിക്കുകയുള്ളു എന്നു ഗവണ്മെൻറു് ഉദ്ദേശിച്ചിരിക്കുന്നതായിട്ടാണു് അറിയുന്നതു്. ബാക്കിയുള്ള വ ൦ കുടുംബക്കാർ നെല്ലുള്ളവരോ അല്ലെങ്കിൽ ബ്ലാക്കുമാർക്കറിൽനിന്നും അരിവാങ്ങികഴിയുന്നവരോ ആണെന്നാണു പറയുന്നതു്.

MR. K. R. NARAYANA AIYAR : No Sir. The point is that in the rural areas the off-take is estimated to be 80 per cent. But as soon as reports were received that the off-take has increased, instructions were issued to give the full quantity.

MR. P. O. THOMAS : Sir, shall I distribute this sample of rice among the members ?

PRESIDENT : Order, order. I am calling Mr. Nataraja Pillai Mr. Muthukaruppa Pillai, Mr. T. K. Narayana Pillai and Mr Velappan Nair.

MR. P. O. THOMAS : Sir, I have a sample of rice to be distributed sent from my taluk.

PRESIDENT : If the honourable member wants to do so, he may

LIBRARY ARCHIVES Kerala Legislative Assembly

MR. E. K. MADHAVAN : അങ്ങിനെ എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെങ്കിൽതന്നെയും അതു മൂന്നുനാലു ദിവസത്തിനു മുൻപായിരിക്കും. ഞാൻ ഇങ്ങോട്ടു പോന്നതുവരെ കൊടുത്തിട്ടില്ല.

RAO SAHIB A. K. BHASKAR : ഇൻസ്ട്രക്ഷൻ മാത്രമേ കൊടുത്തിട്ടുള്ളോ, അതിനാവശ്യമുള്ള ചരക്കുംകൂടി കൊടുത്തിട്ടുണ്ടോ?

MR. K. R. NARAYANA AIYAR : ചരക്കും കൊടുത്തിട്ടുണ്ട്.

MR. E. K. MADHAVAN : കൊടുത്തിട്ടുണ്ടെങ്കിൽതന്നെയും ചരക്കു കൊടുത്ത ഉടൻതന്നെ വ ഠ ശതമാനമേ കൊടുക്കാവൂ എന്നു മറെറാരു സർക്കുലർകൂടി അയച്ചാൽ താഴെയുള്ള ഉദ്യോഗസ്ഥന്മാർ സർക്കുലർ അനുസരിച്ചുമാത്രമേ പ്രവർത്തിക്കുകയുള്ളൂ എന്നു ഗവണ്മെൻറിന് നിശ്ചയമുണ്ട്. അതുകൊണ്ടു ചരക്കു കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചാൽ ഉണ്ട് എന്നു മറുപടിയും പറയാം, വ ഠ ശതമാനം കൊടുക്കാതെയും കഴിക്കാം.

